# പഞ്ചാംഗം.

എപ്പകത്തി ൧൯. [illegible] ഞായറാഴ്ച അക്ഷരം. [illegible]

## ൧൯൦൭ നവംബർ.— ൧൦൮൩ തുലാം- വൃശ്ചികം.

ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകളുടെ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 16 | വെ | ✠ സകല ശുദ്ധ. ന. കു. വെ. | വെ. |
| | | | ഇന്നു തിരുനാൾ കുർബാനമാത്രം അനുവദിക്കപ്പെടുന്നു. | |
| 2 | 17 | ശ | സകല മരിച്ചവരുടെ ഓർമ്മ ന. ആ, കു. മ. | ക. |
| 3 | 18 | ഞാ | ✠ പന്ത. 24-ാം ഞാ. ന. കു. ആ. | |
| | | | ദെന. 4-ാം ഞാ. [illegible] | വെ. |
| 4 | 19 | തി | സകല. ശ്രു. എം. ന. ആ. കു. വെ. | വെ. |
| 5 | 20 | ചൊ | സകല ശ്രു. എം. ന. ആ. കു. വെ. | വെ. |
| 6 | 21 | ബു | സകല ശ്രു. എം. ന. ആ. കു. വെ. | വെ. |
| 7 | 22 | വ്യാ | സകല ശ്രു. എം. ന. ആ. കു. വെ. | വെ. |
| 8 | 23 | വെ | സകല ശ്രു. എട്ടാം ന. ആ. കു. വെ. | വെ. |
| 9 | 24 | ശ | ദിവ്യരക്ഷകൻെറ പള്ളിക്കൂദാശ ന. ആ. കു. വെ. | വെ. |
| 10 | 25 | ഞാ | ✠ പന്ത. 25-ാം ഞാ. ന. ആ. കു. ദെന. 5-ാം ഞാ. [illegible] | പ. |
| | | | വടക്കൻ വെളിയനാട്ടു ഗ്രിഗോറി തിരുനാൾ. | |
| 11 | 26 | തി | മൗ. അപ്പ. മത്തീനോസ് ന. ആ. കു. വെ. | വെ. |
| 12 | 27 | ചൊ | വേ. പാ. മത്തീനോസ് ന. ആ. കു. വെ. | ചു. |
| 13 | 28 | ബു | ✻ മൗ. സ്തനിസ്ലാവോസ് കോസ്തക്ക ന. ആ. കു. വെ. | വെ. |
| 14 | 29 | വ്യാ | വേ. മർസലീനോസും കൂട്ടരും (ജൂൺ 2) ന. ആ. കു. വെ. | ചു. |
| 15 | 30 | വെ | ✻ കന്യക ജർത്രൂദ് ന. ആ. കു. വെ. | വെ. |
| 16 | 1 | ശ | ✻ മൗ. പ്രംസീസ്കോസ് കരാക്കി (ജൂൺ 4) ന. ആ. കു. വെ. | വെ. |
| 17 | 2 | ഞാ | ✠ പന്ത. 26-ാം ഞാ. ന. ആ. കു. ദെന. 6-ാം ഞാ. [illegible] | പ. |
| | | | പ്രവിത്താനം വി. മിഖാ. മാലാഖായുടെ തിരുനാൾ. | |
| | | | ചാലിൽ തിരുഹൃദയത്തിരുനാൾ. | |
| 18 | 3 | തി | പത്രോസ് പൗലോസ് പള്ളിക്കൂദാശ ന. ആ. കു. വെ. | വെ. |
| 19 | 4 | ചൊ | വേ. പാ. പൊന്തിയാനോസ് ന. ആ. കു. വെ. | ചു. |
| 20 | 5 | ബു | ✻ മൗ. ഫേലിക്സ് ന. ആ. കു. വെ. | വെ. |
| 21 | 6 | വ്യാ | പരി. ക. മറിയത്തിൻെറ ദേവാ. പ്രവേശനം ന. ആ. വെ. | വെ. |
| 22 | 7 | വെ | കന്യക വേ സിസ്സിലിയ്യാ ന. ആ. കു. വെ. | ചു. |
| | | | മുത്തോലി നാല്പതുമണിയാരാധന ആരംഭം. | |
| 23 | 8 | ശ | വേ. പാ. ക്ലേമീസ് ന. ആ. കു. വെ. | ചു. |
| 24 | 9 | ഞാ | ✠ പന്ത. 27-ാം ഞാ. ന. ആ. കു. പന്ത. 24-ാം ഞാ. [illegible] | പ. |
| 25 | 10 | തി | കന്യക വേ. കത്രീന ന. ആ. കു. വെ. | ചു. |
| 26 | 11 | ചൊ | വേ. അപ്പ. പത്രോസ് അലക്സാ. ന. ആ. കു. വെ. | ചു. |
| 27 | 12 | ബു | ✻ വേ. അപ്പാ. ബൊനിഫാസീസ് (ജൂൺ 5) ന. ആ. കു. വെ. | ചു. |
| 28 | 13 | വ്യാ | ✻ മൗ. അപ്പ. നബെത്തോസ് (ജൂൺ 6) ന. ആ. കു. വെ. | വെ. |
| 29 | 14 | വെ | ശ്ലീഹാ അന്ത്രയോസ് തലേനാൾ ന. ആ. കു. തലേ. | റോ. |
| | | | എ. ഭാ. ക. അമലോത്ഭവത്തിരുനാൾ നവനാൾ തുടങ്ങുന്നു. | |
| 30 | 15 | ശ | (†) ശ്ലീ. അന്ത്രയോസ് ന. കു. വെ. | ചു. |

☞ ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങുന്നു.

പിറവിത്തിരുനാളിനു മുമ്പുള്ള "നാല്പതു നന്മനിറഞ്ഞമറിയം" ഇന്നു തുടങ്ങണം.



എൻെറ അമ്മേ, എൻെറ ആശ്രയമേ.

(൩൦൦ ദി. ദ. വി.)

# കർമ്മല കുസുമം.

പുസ്തകം ൨൭)  ൧൯൨൯ നവംബർ.  (ലക്കം ൧൧.


# കന്നിമരിയാകീർത്തനം.

(ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി ബി. എ.)

ചെമ്പുരുട്ടിആദി.

(കാണവേണം കാണവേണം എന്ന മട്ട്)

1. നാരിജനാലങ്കാരമാംമേരീ!– നാക
നായകനുജനനിയാം നാരീ!– കനി–
ഞ്ഞത്തലെല്ലാം തീർത്ത് പാരമാത്തനെന്നെ
കാത്തിടേണമമ്മേ!–യിനു–ചെമ്മേ

2. ജന്മനാകന്മഷമേശാത്തോളേ!–നര
കന്മഷങ്ങളെല്ലാം ഹനിപ്പോളേ!– പാപം
കൊണ്ടണഞ്ഞോരിണ്ടലാററിവേണ്ടവണ്ണ–
മാണ്ടിടേണമെന്നേ—യിനു—തന്നേ.

3. മംഗളത്തിന്നധിവാസശാലേ!—താപം
തിങ്ങിയോരിലെന്നും ദയാശീലേ! ദീന
നെന്നിലല്പമൊന്നലിഞ്ഞിട്ടിന്നേദിനം
തന്നിടേണം ഭവ്യം—പാരം—ദിവ്യം.

4. തെററിടാത്തനിർവ്വാണപദവാവേ!— കനി
വററമില്ലാതിയന്ന മാതാവേ!— നാക
ത്തിന്നകം നീയെന്നെയാക്കിത്തന്നീടണം,
നിന്നമല ചരണം—മമ—ശരണം.

# പ്രസാധകക്കുറിപ്പുകൾ.

## നവംബർമാസം.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ സ്മരണയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈ മാസത്തിൽ അവർക്കുവേണ്ടി നാം എന്തു ചെയ്യണമെന്നു മാസാരംഭത്തിൽതന്നെ നിശ്ചയിക്കണം. ഭയങ്കരമായ ആ അഗ്നിച്ചൂളയിൽ കിടന്ന

അവർ എരിയുന്നതും, നമ്മുടെ സഹായത്തിനായി നിലവിളിക്കുന്നതും ഇടയ്ക്കിടെ നമ്മുടെ ബോധത്തിൽ വരുത്തുന്നതു ഈ ഭക്തിയെ ഉജ്ജ്വലിപ്പിക്കുന്നതിനുപകരിക്കും. പ്രസ്തുത ആത്മാക്കൾ ഒരു വിധത്തിലും നമുക്കു അന്യരല്ലെന്നും തങ്ങൾക്കു തന്നെ യാതൊരു സഹായവും ചെയ്യുന്നതിനു അവർ അപ്രാപ്തരാണെന്നും കൂടെ അനുസ്മരിക്കുമ്പോൾ നമ്മുടെ നിർവ്യാജമായ അനുകമ്പയ്ക്കു അവർ പാത്രമാകാതിരിക്കയില്ല. ഇതിനും പുറമേ, അവർ പിതാവായ ദൈവത്തിനു എത്രയും ഇഷ്ടപ്പെട്ടവരും, ഈ കാരാഗൃഹവാസത്തിൽ വച്ചുതന്നെ തങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെ സഹായിപ്പാൻ ശക്തിയുള്ളവരുമാണെന്നു മാത്രമല്ല, സ്വർഗ്ഗഭാഗ്യം പ്രാപിച്ചശേഷം തങ്ങളുടെ ഉപകാരികളെ പ്രത്യേകവിധമായി സഹായിക്കാതിരിക്കയില്ലെന്നും നാം ഓർമ്മിക്കേണ്ടതാണ്. ആകയാൽ നമ്മുടെ ജപതപകൃത്യങ്ങളാലും, ദാനധർമ്മങ്ങളാലും, ഈ മാസത്തിൽ പതിവിലധികം ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നതിനു നാം ഉത്സാഹിക്കണം. പ്രതിദിനമുള്ള ജപമാലയെ കൂടുതൽ ഭക്തിയോടെ ചൊല്ലിക്കൊണ്ടും, ദണ്ഡവിമോചനമുള്ള സുകൃതജപങ്ങൾ കൂടക്കൂടെ ഉച്ചരിച്ചുകൊണ്ടും, പാടുപോലെ അടുപ്പിച്ചു ദിവ്യപൂജ കാണുകയും വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടും ഈ കടമയെ നിറവേറ്റുന്നതിനു ഒരു സ്ഥിരമായ പ്രതിജ്ഞ ചെയ്യേണ്ടിയിരിക്കുന്നു.

## അനുമോദനങ്ങൾ.

ഉന്നതവിദ്യാഭ്യാസാർത്ഥം റോമയിലേക്കു പോയിരുന്ന റവ. ഫാദർ പ്ലാസിഡ് ടി. ഒ. സി. ഡി. അവർകൾ പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ എന്ന പരീക്ഷകൾ ഉന്നതമാനിലയിൽ ജയിച്ചശേഷം, യൂറോപ്പിലെ ഏതാനും തീർത്ഥസ്ഥലങ്ങളും, പലസ്തീനായിലെ പുണ്യസ്ഥാനങ്ങളും സന്ദർശിച്ചു ഒക്ടോബർ 30-ാംനു- മാന്നാനത്തു തിരിച്ചെത്തിയിരിക്കുന്നു. ഐ. സി. എസ് (ഇൻഡ്യൻ സിവിൽ സർവ്വീസ്) പരീക്ഷയ്ക്കായി ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന മണലൂർ സ്വദേശിയും, ക. നി. മൂ. സ. പെ. ബ. ഏലിയാസച്ചന്റെ ജ്യേഷ്ഠസഹോദരപുത്രനുമായ കോടങ്കണ്ടത്തു മി. ആന്റണി വറുഗീസ് ഇക്കഴിഞ്ഞപരീക്ഷയിൽ പ്രശസ്തമായവിജയംനേടിയിരിക്കുന്നു. കേരളീയ കത്തോലിക്കരിൽനിന്നുള്ള ഒന്നാമത്തെ ഐ. സി. എസാണിദ്ദേഹം. സെന്റു തോമസ് കോളജിൽ ഇന്റർമീഡിയറ്റും മദ്രാസ് പ്രസിഡൻസികോളജിൽ ഓണേഴ്സും ജയിച്ചശേഷമാണ് മി. വറുഗീസ് ഇംഗ്ലണ്ടിലേക്കുപോയതു്. ഐ. സി. എസ് പരീക്ഷയ്ക്കു അദ്ദേഹത്തോടൊന്നിച്ചു ജയിച്ചിട്ടുള്ള ഇംഗ്ലീഷ്കാരേക്കാൾ കൂടുതൽ മാർക്ക് ഇംഗ്ലീഷ്ഭാഷയ്ക്കു അദ്ദേഹത്തിനു ലഭിച്ചിട്ടുള്ളതായി അറിയുന്നു. മി. വറുഗീസിനു ഇപ്പോൾ ഇരുപത്തിമൂന്നു വയസ്സുമാത്രമേ പ്രായമുള്ളു. ഒരു കൊല്ലംകൂടി അദ്ദേഹം ഇംഗ്ലണ്ടിൽ താമസിക്കുന്നതും അനന്തരം ഉന്നതമായ ഏതെങ്കിലും ഒരുദ്യോഗത്തിൽ ഇൻഡ്യയിലേക്കു അയക്കപ്പെടുന്നതുമാണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഇപ്പോൾ അഞ്ഞൂറു രൂപാ ശമ്പളത്തിൽ വടക്കേഇൻഡ്യയിൽ ഒരു റെയിൽവെ ഉദ്യോഗസ്ഥനായി ജോലി നോക്കിവരുന്നുണ്ടു്. കേരളീയകത്തോലിക്കു സഭാമാതാവിന്റെ ആശംസാവിഷയങ്ങളായ ഈ ഉന്നതവിജയികൾക്കു ഞങ്ങൾ ഹൃദയപൂർവ്വം മംഗളം ആശംസിച്ചുകൊള്ളുന്നു.

# വി. കുർബാനയും, ശുദ്ധീകരാത്മാക്കളും.

(ദിവ്യശ്രീ കൊട്ടപ്പന ജോസഫ് കത്തനാർ)

1. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾ ത്രെംണോസിലെ ബലിയാൽ വിശേഷവിധിയായി സഹായിക്കപ്പെടുന്നു.
(ത്രെന്ത്രോസ് സൂനഹദോസ്)

2. ക്രീസ്തുവിൻെറ തിരുശരീരത്തിൻെറയും രക്തത്തിൻെറയും ബലി ശുദ്ധീകരാത്മാക്കളെ സമാശ്വസിപ്പിക്കുന്നു..... കുബ്ബാനയുടെ ബലിയല്ലാതെ മററുയാതൊരു ബലിയാലും ആത്മാക്കൾ ശുദ്ധീകരസ്ഥലത്തിൽ നിന്നും വിമോചിക്കപ്പെടുന്നില്ല.
(വി. തോമസ് അക്കൈ്വനാസ്)

3 ത്രൊണോസുകളുള്ള പ്രാൎത്ഥന വിയോഗംചെയ്ത ആത്മാക്കൾക്കുപകാരപ്രദമാകയാൽ നാം വേർപിരിഞ്ഞ ആത്മാക്കൾക്കുവേണ്ടി അപേക്ഷിക്കുന്നു.
(വി. ചീറില്ലോസ്)

4. വിശുദ്ധ കുബ്ബാനസമൎപ്പിക്കപ്പെടുമ്പോളെല്ലാം ആകാശത്തുനിന്നും ദൈവദൂതന്മാർ ശുദ്ധീകരകാരാഗൃഹം തുറക്കാൻ ധൃതിപ്പെടുന്നു.
(വി. ക്രിസോസ്റ്റോമോസ്.)

5. പട്ടക്കാരൻ ഏതു ആത്മാവിനുവേണ്ടിബലി അൎപ്പിക്കയും വിശ്വാസികൾ അതോടൊന്നിച്ചു പ്രാൎത്ഥനകൾ കാഴ്ചവെക്കയും ചെയ്യുന്നോ ആ ആത്മാവു കുബ്ബാനസമയത്തിൽ സകല ദുരിതങ്ങളിൽ നിന്നും സമാശ്വസിപ്പിക്കപ്പെടുന്നു. (വി. ജെറോം)

6. വേർപിരിഞ്ഞ ആത്മാവിനുപ്രത്യേക നിയോഗത്തിൽ വി. കുബ്ബാനകാഴ്ചവെക്കുമ്പോൾ വ്യഥകളിൽ നിന്നും വിമോചനം ലഭിക്കുന്നു.
(വി. ഗ്രീഗോരി)



7. ഭൂലോകദോഷഹരണം ചെയ്യുന്ന മിശിഹായെ മരിച്ച വിശ്വാസികളുടെ പാപപരിഹാരത്തിനായി നാം കുബ്ബാനയിൽ കാഴ്ചവെക്കുന്നു.
(ഓർശലമിലെ വി. ചീറിലോസ്)

8. കൎത്താവിൻെറ ബലിപീഠത്തിങ്കൽ തന്നെ ഓൎമ്മിക്കണമെന്നായിരുന്നല്ലോ സ്വപുത്രനായ വി. ആഗസ്തീനോസിനോടു മരണാസന്നയായ വി. മോനിക്ക ചെയ്ത അഭ്യൎത്ഥന.

ആകയാൽ പുണ്യവാന്മാരുടെ ഒരുമ്പാടിൽപെട്ടിട്ടുള്ള നമുക്കും അനുദിനം വി. കുബ്ബാനയിൽ സംബന്ധിച്ചു ശുദ്ധീകരാത്മാക്കളെ സദാ സഹായിക്കാം.

«»

# പത്താംപീയൂസും ദിവ്യകാരുണ്യസ്വീകരണവും.

(ക.നി.മൂ.സ. ബ. പീയൂസ് പട്ടക്കാരൻ.)

"സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. യാവനൊരുവൻ ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ, അവൻ എന്നന്നേയ്ക്കും ജീവിക്കും" (യോഹ. ൬–൫൧,൫൨) ഈ ജീവനുള്ള അപ്പം വി. കുബ്ബാനയാണല്ലോ. പൂർവ്വകാലത്തു ക്രിസ്ത്യാനികൾ കൂടക്കൂടെ വി. കുബ്ബാന ഉൾക്കൊണ്ടിരുന്നു. പിൽക്കാലങ്ങളിലാകട്ടെ അബദ്ധോപദേശങ്ങളുടെ ശക്തിയാലും ലോകവശീകരണങ്ങളുടെ ബലത്താലും ദൈവസ്നേഹം ജനതതിയിൽ ക്ഷയോന്മുഖമായിത്തീരുകയും, തൽഫലമായി തിരുമേശയിൽ നിന്നു വിശ്വാസികൾ അകന്നുതുടങ്ങുകയും ചെയ്തു. എന്നാൽ തിരുസഭമാതൃവാത്സല്യത്തോടെ തീവ്രമായ ഉപദേശങ്ങൾ ചെയ്തുകൊണ്ടു ദിവ്യകാരുണ്യസ്വീകരണംവഴി മക്കളുടെ ഹൃദയങ്ങളിൽ ദൈവസ്നേഹാഗ്നിയെ പൂർവ്വാധികം ശോഭയോടേ ഉജ്വലിപ്പിയ്ക്കുന്നതിനു വേണ്ട പരിശ്രമങ്ങൾ നടത്താതിരുന്നില്ല. പ്രസ്തുത പരിശ്രമങ്ങളുടെ പൂർണ്ണവിജയം പത്താംപീയൂസ് മാർപ്പാപ്പായുടെ കാലത്താണു ഉണ്ടായിട്ടുള്ളതു്. അതെന്തെന്നു ചുരുക്കമായി പ്രസ്താവിയ്ക്കണമെന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.



തിരുസഭയാകുന്ന പത്രോസിന്റെ വഞ്ചിയെ ഇളക്കിമറിച്ചിരുന്ന തിരമാലകളിൽ ഭീകരവും ആപൽ സംപൂർണ്ണവുമായ ഒന്നായിരുന്നു ജാൻസനീസം (Jansenism) എന്ന പാഷണ്ഡമതം. വി. കൂദാശകളുടെ സ്വീകരണത്തിന് സ്വശക്തിയ്ക്കു അതീതങ്ങളായ ഒരുക്കങ്ങളെ മനുഷ്യരിൽ നിന്നാവശ്യപ്പെടുന്നതായ നിർദ്ദേശങ്ങളായിരുന്നു അതിന്റെ ഉപദേശങ്ങൾ. ദൈവത്തെ പാപികളുടെ സ്നേഹിതനും അവരോടനുഗ്രഹമുള്ള ഒരു പിതാവുമെന്നതിനേക്കാൾ ഭയങ്കരനും ഭീതിജനകനുമായിട്ടാണ് പ്രസ്തുത മതബോധകന്മാർ ചിത്രിച്ചിട്ടുള്ളതു്. ഇതിനാൽ 'ജാൻസനീസം എന്ന പുതിയ അബദ്ധോപദേശം തിരുസഭയെ കലക്കിയിട്ടുള്ളപല ഹേതുക്കളിൽവച്ച് ഏററവുംഅപകടകരമായ ഒന്നാകുന്നു' എന്നാണു ചരിത്രകാരനായ വിൻസൻറ് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ഈ പാഷണ്ഡികൾ പാപികളെ വരപ്രസാദങ്ങളുടെഉറവയിൽനിന്നും സുകൃതത്തിൽ ബലഹീനരായവരെ ആദ്ധ്യാത്മികശക്തിയുടെ മൂലസ്ഥാനത്തുനിന്നും അകററിനിറുത്തി. അപ്പോസ്തലന്മാരുടെ കാലത്തു നടപ്പിലിരുന്നതും തിരുസഭ എല്ലാക്കാലത്തും ഉപദേശിച്ചുപോന്നിരുന്നതുമായ വി.കുബ്ബാനയുടെ നിരന്തരമായ സ്വീകരണത്തിനു ഇവർനിമിത്തം സാരമായ ഉടവുതട്ടി. അടുക്കലടുക്കലുള്ള സ്വീകരണത്തിനു വേണ്ടതക്ക ഒരുക്കം, എന്നെല്ലാം ഉൾക്കൊണ്ടാൽ നിരന്തരമാകും, എന്നിവ രണ്ടും വിവാദവിഷയങ്ങളായി ഭവിച്ചു. ഇരുഭാഗത്തേയ്ക്കും സന്മാർഗ്ഗ ശാസ്ത്രജ്ഞന്മാരും ഉണ്ടാകാതിരുന്നില്ല. ഇങ്ങിനെയിരിക്കെ ൧൯൦൫ ഡിസംബർ ൨൦–ാംനു- അനുദിനവും നിരന്തരവുമായ സൽപ്രസാദ സ്വീകരണത്തെക്കുറിച്ചു ഒരു അവസാന നിർണ്ണയം പത്താംപീയൂസ്സ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ചെയ്കയുണ്ടായി. അതിന്റെ ആരംഭത്തിൽ ഇപ്രകാരം കാണുന്നു. "ന. കർത്താവായ മ്ശിഹായും, കത്തോലിക്കാസഭയും തീവ്രമായി ആഗ്രഹിയ്ക്കുന്നതുപോലെ വരപ്രസാദത്തിലിരിയ്ക്കുകയും സദുദ്ദേശത്തോടും ഭക്തിപരമായഅന്ത്യത്തോടുംകൂടെ തിരുമേശയ്ക്കടുക്കുകയും ചെയ്യുന്ന യാവനൊരുവനും അതിൽനിന്നു ന്യായപൂർവ്വം തടയ

പ്പെടാതിരിയ്ക്കത്തക്കവണ്ണം നിരന്തരവും അനുദിനവുമായ സൽപ്രസാദസ്വീകരണംഎല്ലാവിശ്വാസികൾക്കും—ഏതു സ്ഥിതിക്കാരായാലും ഏതു ജീവിതാവസ്ഥക്കാരായാലും— ശരി എല്ലാവക്കുമനുവദിയ്ക്കപ്പെടണം".

ഇപ്രകാരം സകലക്കും അനുവദിയ്ക്കപ്പെടണമെന്നു നിശ്ചയിച്ചശേഷം അതിനു ചെയ്യേണ്ട ഒരുക്കത്തേക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ദൈവത്തെ പ്രസാദിപ്പിയ്ക്കണമെന്നും, അദ്ദേഹത്തോടു ഐക്യപ്പെടണമെന്നും, മനുഷ്യസ്വഭാവത്തിന്റെ ബലഹീനതയേയും കുറവുകളേയും തീക്കുന്നതിനുള്ള ഒരു ദൈവിക പ്രത്യൌഷധമായി അന്വേഷിയ്ക്കുന്നുവെന്നുമുള്ള സദുദ്ദേശവും, ഘനമായ പാപങ്ങളുടെ അഭാവവുമാണ് ദിവ്യകാരുണ്യസ്വീകരണത്തിനു നിർദ്ദേശിച്ചിട്ടുള്ള ഒഴിച്ചുകൂടാൻ പാടില്ലാത്ത രണ്ടു കൂട്ടങ്ങൾ. ഒരുക്കവും ഉപകാരസ്മരണയും ശക്തിയ്ക്കും സാഹചയ്യങ്ങൾക്കുമനുസരണമായി നടത്തേണ്ടതുമത്രേ.

ഇത്രയും വ്യക്തമായി പരിശുദ്ധസിംഹാസനം പ്രസ്താവിച്ചിട്ടും നിരന്തരമായ ദിവ്യകാരുണ്യ സ്വീകരണം ഭക്തന്മാക്കുമാത്രമെ പാടൊള്ളു എന്ന തെററിധാരണ മനുഷ്യഹൃദയങ്ങളിൽ നിന്നു ഉൻമൂലനം ചെയ്യുന്നതിനു വളരെ പ്രയാസം നേരിടത്തക്കവിധത്തിൽ 'ജൻസനീസ്'ക്കാർ ദിവ്യകാരുണ്യ സ്വീകരണത്തിനു വേണ്ടവിധം ഒരുങ്ങുന്നതു് സാധാരണന്മാക്കു അസാദ്ധ്യമെന്നു പറഞ്ഞു ചഞ്ചലമാനസരെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു.

കുറേകഴിഞ്ഞപ്പോൾ ഒരു നൂതന ഭീതിയും പ്രത്യക്ഷപ്പെട്ടു. പ്രഥമ സൽപ്രസാദസ്വീകരണം കഴിച്ചിട്ടു അധികമായിട്ടില്ലാത്ത ചെറുകുട്ടികൾക്കും, ദീഘരോഗികൾക്കും പ്രതിദിനം വി. കുർബാന ഉൾക്കൊള്ളാമൊയെന്നുള്ള സംശയാസ്പദങ്ങളായ ചോദ്യങ്ങൾ തിരുസിംഹാസനത്തിൽ ധാരാളമായി കിട്ടിത്തുടങ്ങി. വൃദ്ധന്മാരോടൊപ്പം കുട്ടികൾക്കും ഭക്തിയും വിശുദ്ധിയും കാക്കുന്നതിനു നിരന്തരവും അനുദിനവുമുള്ള ദിവ്യകാരുണ്യസ്വീകരണമുണ്ടാകണമെന്നു കാണിച്ചു പരിശുദ്ധപിതാവു് ൧൦-ാംപീയൂസ് പാപ്പാ വേറൊരു കല്പന പുറപ്പെടുത്തി സംശയ നിവാരണംചെയ്തു.

രോഗികൾക്കും നിരന്തരമായി ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിനുവേണ്ടി എല്ലാ സൗകയ്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണെന്നും തീർച്ചചെയ്തു.

നാലുകൊല്ലങ്ങളുടെശേഷം കുട്ടികൾക്കു ഏകദേശം ൭-ാമത്തെ വയസ്സിൽ വി.കുർബാന ഉൾക്കൊള്ളാമെന്നൊരു അനുമതിയുംകല്പിച്ചുനൽകി.ഏഴുവയസ്സെന്നു പറഞ്ഞതിൽ നിന്നു ഏഴുവയസ്സുതന്നെ ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ലെന്നു പ്രസ്താവിച്ചിട്ടുണ്ട്.ബുദ്ധിവികസിച്ചു അതിനനുസരണമായി വിവേചനാശക്തിയോടെ എന്നു പ്രവത്തിയ്ക്കുന്നുവോ അതു് ഏഴിനുമുൻപായാലും ഏഴിനു പിൻപായാലും ശരി- അന്നു മുതൽ വി. കുർബാന ഉൾക്കൊള്ളാം.

തിരുവെഴുത്തിൽ ഇതിനെ വ്യക്തമാക്കിയിട്ടുണ്ട്. അകയാൽ അതിലെചില വാചകങ്ങളെ ഇവിടെ എടുത്തെഴുതുന്നതു അവസരോചിതമാണല്ലൊ. "മ്ശിഹായുടെ ഭൂവാസകാലത്തു അവിടുന്നു ശിശുക്കളോടു കാണിച്ചിട്ടുള്ള വാത്സല്യാതിരേകത്തെ സുവിശേഷത്തിന്റെ ഇലകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ ഇടയിലായിരിക്കുന്നതു് അവിടുത്തെ സന്തോഷമായിരുന്നു. അവരെഅനുഗ്രഹിയ്ക്കുകയും അവരെ ആശ്ലേഷിക്കയും അവരെ തലോടുകയും ചെയ്യുന്നതു് അവിടുത്തെ പതിവായിരുന്നു. സ്വശിഷ്യർ അവരെ അകററിവിടാൻ ശ്രമിച്ചതു് തനിയ്ക്കു ഇഷ്ടമായില്ല. അകയാൽ ശാസനാരൂപത്തിൽ അവരോടിപ്രകാരം പറകയുണ്ടായി. "കൊച്ചുകുട്ടികൾ എന്റെ പക്കൽ വരുന്നതിനുഅവരെ അനുവദിയ്ക്കുക. അവരെ നിരോധിയ്ക്കരുതു്. എന്തെന്നാൽ ഏതാദൃശന്മാരുടേതാകുന്നു സ്വഗ്ഗരാജ്യം,; തിരുസഭയുടെ ആദിമകാലങ്ങളിൽ വി. കുർബാന ശിശുക്കൾക്കുകൂടെയും കൊടുത്തിരുന്നുവെന്നും, പിൻകാലങ്ങളിൽ തിരിച്ചറിവു വന്നശേഷമേ ആദ്യമായി വി: കുർബാന ഉൾക്കൊള്ളാൻ പാടൊള്ളുവെന്നു നിശ്ചയിച്ചിട്ടുണ്ടെങ്കിലും കുമ്പസാരമെ

ന്ന വിശുദ്ധക്രൂദാശയ്ക്കു ആവശ്യമുള്ളതിലധികം അറിവ് ഇതിനു ആവശ്യമില്ലെന്നും തിരുവെഴുത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ല ദേശീയനടപ്പെന്നുള്ളന്യായംപറഞ്ഞു ൧൨, ൧൩, ൧൪ വയസ്സാകുന്നതുവരെ പ്രഥമ സൽപ്രസാദസ്വീകരണം മാററിവയ്ക്കുന്ന സമ്പ്രദായമോർത്തു പരിശുദ്ധപിതാവു വിലപിയ്ക്കുന്നുവെന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കാലതാമസം വരുത്തുന്നതുകൊണ്ടു കൂടുതൽ അറിവുണ്ടാകുമെന്നും, തന്നിമിത്തം കൂടുതൽ ഒരുക്കത്തോടെ വി. ക്രൂദാശകൾക്കു അണയാമല്ലോ യെന്നും വല്ലവരും പറയുന്നുവെങ്കിൽ പ്രസ്തുതലാഭം ഇടയ്ക്കു നേരിടുന്ന നഷ്ടത്തോടു തുലനം ചെയ്യുമ്പോൾ, നഷ്ടം ഭീമമായിത്തന്നെ കാണപ്പെടുന്നുവെന്നുള്ളതു് വിസ്മരിയ്ക്കാവുന്നതല്ല. ബാല്യദശയുടെ നിഷ്കന്മഷത്വം വിശുദ്ധകുർബാനയെന്ന ശക്തിയേറിയ സിദ്ധൌഷധം പ്രയോഗിക്കാതിരുന്നാൽ, അതിവേഗം നഷ്ടപ്പെടും. ദുശ്ശീലങ്ങൾ തഴച്ചുവളൎന്നു ശക്തിപ്രാപിയ്ക്കും. ആകയാൽ കണികൾകൊണ്ടും അപകടങ്ങൾകൊണ്ടും ആധുനിക ലോകം നിറഞ്ഞിരിയ്ക്കുകയാൽ കുട്ടികൾക്കു കുർബാനയെന്ന ദിവ്യൌഷധം അത്യാവശ്യമായിട്ടാണിരിയ്ക്കുന്നതു്. ഈ വിശുദ്ധക്രൂദാശയുടെനേൎക്കു ഭക്തിതോന്നത്തക്കവിധം ബുദ്ധിയുടെ ഒരു തരം വികാസമുണ്ടാകുവാൻ തുടങ്ങുമ്പോൾ പ്രസ്തുതക്രൂദാശ അവൎക്കു നൽകപ്പെടാമെന്നു വി. തോമ്മാസ് അക്വിനാസ് എന്ന വേദശാസ്ത്രജ്ഞൻ വിധിച്ചിട്ടുണ്ട്.

എന്നാൽ ഇക്കാൎയ്യത്തിൽ ദുഷ്പ്രയോഗങ്ങളുണ്ടാകാതിരിയ്ക്കുന്നതിനു വേണ്ട ചട്ടംകെട്ടുകളും തിരുസിംഹാസനത്തിൽ നിന്നു നിഷ്കൎഷയായി ചെയ്തിട്ടുണ്ടു്.

ഈ തിരുവെഴുത്തു പുറത്തായതിനോടെ "ജൻസനീസ്റ്റു"പാഷണ്ഡികൾക്കു ഒരുഅടികൊണ്ടതുപോലെആയിപ്പോയി. എന്നിട്ടും അവർ അടങ്ങിയില്ല. ഒരു നൂതനമാൎഗ്ഗത്തിലൂടെ ശ്രമം തുടൎന്നു. ഭക്തിമയമായ ഒരു പ്രതിഷേധം പുറപ്പെടുവിച്ചു ജനങ്ങളെ ഒരിയ്ക്കൽക്കൂടി ഭയപ്പെടുത്തി. ൭ വയസ്സുമാത്രമുള്ള ഒരുപൈതലിനു വി. കുർബാനയെപ്പററി വല്ലതും ഗ്രഹിയ്ക്കുന്നതിനു സാധിയ്ക്കുമോ എന്നൊരു സംശയം അവർ പറഞ്ഞു പരത്തി.

ഇതിനുത്തരമായി തിരുവെഴുത്തിൽ ചേൎത്തിട്ടുള്ള മോൺസെഗ്രറിന്റെ വാക്കുകളെ തന്നെ ഇവിടെ എടുത്തുപറയാം. നന്നായി വിശുദ്ധകുർബാന ഉൾക്കൊള്ളുന്നതിനു രക്ഷകനെ നൽമനസ്സോടെ സ്വീകരിച്ചാൽ മതി. ഈ നന്മനസ്സ് കുട്ടികളിലും പ്രായംചെന്നവരിലും ഒരേവിധം കാണുന്നുണ്ട്. കുട്ടി ഈശോമ്ശിഹായെ സ്നേഹിയ്ക്കുന്നു. അങ്ങേ പ്രാപിയ്ക്കുന്നതിനു് അവനാഗ്രഹിയ്ക്കുന്നു. പിന്നെ എന്തുകൊണ്ടു തന്നെ അവനു കൊടുക്കുന്നില്ല. വിചാരമില്ലായ്മ മനഃപൂൎവ്വമല്ലാത്ത കാലത്തോളം അതു് വി. കുർബാനയുടെ സ്വീകരണത്തിനു ഒരു ബാധകമല്ല. കുട്ടികൾ വിചാരമില്ലാത്തവരാകുന്നു. അതു ശരിതന്നെ. എന്നാൽ അവർ നല്ലവരും സ്നേഹമുള്ളവരുമാകുന്നു. സ്നേഹിയ്ക്കണമെന്നൊരാശ അവൎക്കുള്ളതുകൊണ്ടു അവരുടെ സ്നേഹത്തിനു് അതിന്റെ യഥാൎത്ഥഭക്ഷണം നാം കൊടുക്കേണ്ടിയിരിയ്ക്കുന്നു.

കുട്ടികൾ വിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോൾ അവർ എന്തുചെയ്യുന്നുവെന്നു ഗ്രഹിയ്ക്കുന്നില്ലെന്നുള്ള ആക്ഷേപത്തിനു് ആദ്യകുർബാന ഉൾക്കൊള്ളലിനു ബാലികാബാലന്മാരെ ഒരുക്കുന്ന വിഷയത്തിൽ തഴക്കം വന്നിട്ടുള്ള ഒരാൾ പറയുന്ന മറുപടികേട്ടുകോൾക. "പ്രായംചെന്നവരെ ഒരുക്കുന്നതിനേക്കാൾഎളുപ്പം കുട്ടികളെ ഒരുക്കുന്നതാണു്. പ്രഥമസൽപ്രസാദ സ്വീകരണം അതിവാത്സല്യപിതാവിന്റെ പ്രേമാലിംഗനമെന്നപോലെ കുട്ടികൾ കരുതുന്നു. പ്രായംചെന്നവരാകട്ടെ സ്നേഹയോഗ്യനായഒരു അതിഥിയെന്നപോലെയേ കരുതുന്നൊള്ളു."

പ്രസ്തുത ഭാഗ്യാവസരങ്ങളിൽ കുഞ്ഞുങ്ങൾക്കുണ്ടാകാറുള്ള വികാരപരമ്പരകളും ഇതിനെ ഒന്നുകൂടി ഉറപ്പിയ്ക്കുകയത്രെ ചെയ്യുന്നതു്. "ചിലപ്പോൾ വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷംശ്വാസോച്ഛ്വാസം ചെയ്യുന്നതിനു നിവൃത്തി

യില്ലാത്തവിധം അത്യധികം വരപ്രസാദംകൊണ്ടു ന. കത്താവ് എന്നെ പൂരിപ്പിക്കുന്നു.” എന്നു എട്ടര വയസ്സുള്ള ഒരു കുട്ടി പറഞ്ഞിരിക്കുന്നു. ഒൻപതുവയസ്സുള്ള വേറൊരുകുട്ടി സാക്ഷിക്കുന്നതു് ഇപ്രകാരമാണ്. “ചിലപ്പോൾ വിശുദ്ധകുബാന ഉൾക്കൊണ്ടശേഷം എൻെറ പിതാവ് എന്നെ അങ്ങേകരങ്ങളിലെടുത്തു മാറ്വോടുചേത്തു അമത്തുന്നതുപോലെയാണ് എനിക്കുതോന്നുന്നതു്. അപ്പോൾ നമ്മുടെ കത്താവിനോടു സംഭാഷണംചെയ്യുകയാമെന്ന വിധം സന്തോഷചിത്തയായി ഞാൻ പകൎന്നപോകുന്നു. ഞാൻ എത്രകണ്ടു അങ്ങേസ്നേഹിക്കുന്നുവെന്നു അവിടുന്ന് അറിയുണ്ട്.”

(തുടരും.)

---

# ജ്ജോവാൻ ഓഫ് ആക്ക്.

## ഒരു അവതാരിക.

(ഡോക്ടർ. പി. ജെ. തോമസ് എം. എ. ബിലിററ്.)

ധീരാത്മാക്കൾ രണ്ടു തരക്കാരാണ്. ഒരുക്കൂട്ടർ ലൌകികോദ്ദേശ്യങ്ങൾക്കായി ലൌകികോപകരണങ്ങൾ പ്രയോഗിച്ച് മഹൽകൃത്യങ്ങൾ നിവ്വഹിച്ച് വീരപദംപ്രാപിക്കുന്നു; മറേറക്കൂട്ടർ ആദ്ധ്യാത്മികമായ ഉദ്ദേശ്യത്തോടുകൂടി ആദ്ധ്യാത്മികമാഗ്ഗങ്ങളിലൂടെ പ്രവത്തിച്ചു മഹാത്മാക്കളായിത്തീരുന്നു. പെരിക്ലിസ്, ജൂലിയസ് സീസർ, എബ്രഹാം ലിങ്കൺ, ഗ്ലാഡ്സ്റ്റൻ മുതലായവർ ആദ്യത്തെ കൂട്ടത്തിൽ പെട്ടവരും, മോശ, പൌലോസ് ശ്ലീഹാ, വിശുദ്ധനായ ഫ്രാൻസീസു അസ്സീസി, വിശുദ്ധയായ ത്രേസ്യാ എന്നിവർ രണ്ടാംകൂട്ടത്തിൽ പെട്ടവരുമാണ്. കമ്മകുശലരായ മഹാന്മാരിൽ മാത്രമല്ല ചിന്താകുശലരിൽത്തന്നേയും ഈ ഭേദം കാണുന്നുണ്ട്. ഡാൻെറി, ഷേക്സ്പീയർ തുടങ്ങിയുള്ള കവികളുടേയും അറിസ്റ്റോട്ടൽ, പ്ലേറോ മുതലായ തത്വജ്ഞന്മാരുടേയും ചിന്താകുശലത വിശുദ്ധ അഗുസ്റ്റിനോസ്, വിശുദ്ധ തോമസ് അക്വൈനാസ്തുടങ്ങിയ വേദാചാൎയ്യന്മാരുടേതിൽനിന്ന് എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു.

നമ്മുടെ മുമ്പിലിരിക്കുന്നഗ്രന്ഥത്തിലെ കഥാവിഷയമായ ജോവാൻ ഓഫ് ആക്ക് ലൌകികവിഷയത്തിലും പാരത്രികവിഷയത്തിലും ഒരുപോലെ വീരപദം പ്രാപിച്ചിട്ടുള്ള ഒരു കന്യകാരത്നമാണ്. പത്തൊമ്പതു വയസ്സ്മാത്രമുണ്ടായിരുന്ന ആ പെൺകുട്ടിഫ്രഞ്ചുജനതയെ ഒരു വലിയവിഷമഘട്ടത്തിൽ സംരക്ഷിച്ച കഥ ലോകചരിത്രത്തിലെ അത്ഭുതസംഭവങ്ങളിൽ ഒന്നാണ്. അന്നത്തെ യുദ്ധവീരന്മാക്കുപോലും സാധിക്കാഞ്ഞ ഒരു വീരകൃത്യം നടത്തിയെന്നുള്ളതു മാത്രമല്ല ആ കന്യകയുടെ മഹത്വത്തിനാധാരം; ആ കൃത്യനിവ്വഹണത്തിൽ വെളിപ്പെട്ട ആദ്ധ്യാത്മികശക്തികളും അനിതരസാധാരണമായ പുണ്യകൃത്യങ്ങളും ആ പുണ്യവതിയുടെ മഹത്വത്തെ വർദ്ധിപ്പിക്കുന്നു. അകപ്പാടെ ആലോചിച്ചാൽ, ഈ കന്യകയുടെ ചരിത്രം ദൈവികശക്തിയെ നിഷേധിക്കുന്നവക്കു ഒരു കണ്ണകോടാലിയും പ്രകൃതിശക്തികൊണ്ടു മാത്രമാണ് ലോകചക്രം മുഴുവൻ തിരിയുന്നതെന്ന് ശഠിക്കുന്നവരെ കണ്ണുമിഴിപ്പിക്കുന്ന ഒരു ഒരു അത്ഭുതസംഭവവും ആകുന്നു.

കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലൊട്ടുക്കു ഒരു പുരോഗമനത്തിനു വട്ടംകൂട്ടുന്ന ഈ ഘട്ടത്തിൽ ജോവാൻ ഓഫാക്കിൻെറ പാവനചരിത്രം എവരും വായിച്ചു ധ്യാനിക്കേണ്ടതാണ്. സൎവ്വജ്ഞനും സൎവ്വവ്യാപിയുമായ സൎവ്വേശ്വരൻ മനുഷ്യകുലത്തെ അപ്രത്യക്ഷമായവി



ധത്തിലെങ്കിലും ദൈനംദിനമെന്നവണ്ണം ആനയിച്ചുപോകുന്നുണ്ടെന്നും, പരിശുദ്ധമായ ആത്മാവും ഏകാഗ്രമായ ഉദ്ദേശ്യവും ഉള്ളവർക്കേ ആ സർവ്വശക്തന്റെ നയത്തോടു യോജിച്ച തരത്തിൽ പ്രവർത്തിച്ച് ലോകത്തെ യഥാർത്ഥത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു കഴിവുള്ളൂ എന്നും ഈ ചരിത്രത്തിൽ നിന്നു നമുക്കു കാണാവുന്നതാണ്. സ്വന്തലാഭത്തിനായിക്കൊണ്ടു ഗൂഢതന്ത്രങ്ങളും തേനോലും വാണിയും പ്രയോഗിച്ചു നായകവേഷം കെട്ടിനടക്കുന്ന ആട്ടിൻരൂപത്തിലുള്ള പാണ്ടൻചെന്നായ്ക്കളിൽനിന്നു ലോകത്തിനെന്നല്ല അവർക്കുപോലും ശരിയായ പ്രയോജനം ലഭിക്കുന്നതല്ല.

അതിനാൽ ഈ ധീരകന്യകയുടെ ചരിത്രം മലയാളഭാഷയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചതിൽ മി. ഐസക്കിനെ ഏവരും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈ അത്ഭുതചരിത്രം അതിനു യോജിച്ച ഭാഷാവൈശിഷ്ട്യത്തോടുകൂടി, അവതരിപ്പിക്കുന്നതിനു വേണ്ട ആശയസൌഷ്ഠവവും വാചകശുദ്ധിയും അദ്ദേഹത്തിനുണ്ടെന്നു ഈ ഗ്രന്ഥത്തിന്റെ ഏതു ഭാഗം വായിച്ചാലും സ്പഷ്ടമാകുന്നതാണ്. ഈ കൃതി ഒരു വാസ്തവചരിത്രമാണെങ്കിലും, അതിന്റെ രചനാരീതി ഒരാഖ്യായികയിലേതു പോലെയത്രേ. ഒരദ്ധ്യായം വായിച്ചാൽ മുഴുവൻ വായിക്കാതെ നിലത്തു വയ്ക്കുവാൻ ആർക്കെങ്കിലും മനസ്സുവരുന്നെങ്കിൽ അവരുടെ തലച്ചോറു തീർച്ചയായും ഒരു സിരാവിദഗ്ധനേ കാണിക്കേണ്ടതു അത്യാവശ്യമാണ്. എഴുത്തുംവായനയും ശീലിച്ചിട്ടുള്ള എല്ലാ ബാലന്മാരും ബാലികമാരും ഈ പുസ്തകം ഒരാവർത്തി വായിക്കത്തക്കവിധത്തിൽ ഏതെങ്കിലും ഒരു വ്യവസ്ഥ ചെയ്താൽ നന്നായിരിക്കും. ഫ്രഞ്ചുപദങ്ങളുടെ ഉച്ചാരണരീതിയിൽ ചില ഭേദഗതികൾ ചെയ്യേണ്ടതായിട്ടുണ്ട്; അടുത്ത പതിപ്പിൽ ഇക്കാര്യം ഗ്രന്ഥകർത്താവ് വിസ്മരിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. മിസ്റ്റർ ഐസക്കു ഇനിയും ഈ തരത്തിൽ വേറെയും കൃതികൾ എഴുതി സ്വഭാഷയെ പുഷ്ടിപ്പെടുത്തണമെന്നുള്ള ഒരാശംസയോടുകൂടി ഈ അവതാരികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

# നസറേത്തിലെ ആശാരിപ്പുര.

(ഗാഥ)

(ശ്രീമാൻ കെ. ടി. ലോനപ്പൻ ഞാറേയ്ക്കൽ.)

1. പോരുക, പോരുകവായുവിമാനത്തി–ലേറുക,യേറുക പൈതങ്ങളെ!
മാനസാകാശത്തിൽക്കൂടിനമുക്കൊരു–സായാഹ്നസഞ്ചാരമാരംഭിക്കാം.
പോകുംവഴിക്കിതിൻമുമ്പുകാണാത്തതാം—കാഴ്ചകളോരോന്നുകണ്ടു, കണ്ടു
കണ്ണിനാനന്ദവും, മാനസോല്ലാസവു–മൊന്നുപോൽനൂനമനുഭവിക്കാം.

2. നേരായിട്ടോരായിരത്തോടൊരൊമ്പതു–നൂറു,മൊരൊമ്പതും,രണ്ടുപത്തും
കൊല്ലങ്ങൾ മുമ്പുകഴിഞ്ഞനൽക്കാഴ്ചക–ളല്ലോ നാം കാണുവാൻപോകുന്നതു്.
ഇത്രയുമല്ലതുനമ്മുടെ നാട്ടിൽനി–ന്നെത്രയുംകാതംവിദൂരമല്ലോ.
ദൂരംവളരെയുണ്ടെങ്കിലും മാനസെ–നീരസംതോന്നും മുമ്പെത്തിച്ചേരാം

3. ആസ്യാഭൂഖണ്ഡത്തിൽ പെട്ടുകിടക്കു'മ–റേബിയാ'രാജ്യത്തിലക്കാലത്തിൽ
ഉത്തരപശ്ചിമഭാഗത്തായ്കീർത്തികൊ–ണ്ടുത്തുംഗമാം'ഗലിലേയ'നാട്ടിൽ
ഏററംചെറിയൊരുഗ്രാമമാം 'നസ്രേത്തി'-ലേററമാഡംബരഹീനമായ
കൊച്ചുവീടൊന്നിതാ കാണുന്നുസാധുവാം–തച്ചനാണാവീട്ടിൽപാർത്തീടുന്നാൾ

4. ആശിക്കത്തക്കതായെന്തൊരു കാഴ്ചയാ–ണാശാരിതന്നുടെ വീട്ടിലെന്നു
ചിന്തിച്ചിടേണ്ടയീജീവിതകാലത്തിൽ–ചിന്തിക്കേണ്ടുംകാഴ്ചസർവ്വവുമാ
കൊച്ചുപുരക്കുള്ളിലത്രെ; കടക്കുവിൻ–'കൊച്ചുങ്ങളെ'! നിങ്ങൾ മോദമോടെ

II.

1. നോക്കുവിൻമൂന്നുപേരോരോരോജോലികൾ—നോക്കിയിരിക്കുന്നുശ്രദ്ധയോടെ
താതനും, മാതാവും,മേകകുമാരനു—മാണവരെന്നതറിഞ്ഞുകൊൾക
മീശയും, താടിയുംനീട്ടി;വളർത്തിയ—കേശമശേഷമൊതുക്കീടാതെ
കാലിണകുത്തിയിരുന്നുമരത്തുണ്ടു—ചീകിമിനുക്കീടുന്നല്ലോ താതൻ.
(ങ്ങീടുന്നു.
വെള്ളിമണികളെപ്പോലെ വിയർപ്പിതാ—തുള്ളിയായ് നെററിയിൽപൊ—
(സ്വേദം
'കൊച്ചൻ' തൻപിഞ്ചുകൈത്താരാലിടക്കിടെ-യച്ഛന്റെ നെററിയിലോലും-
പയ്യെത്തുടച്ചുകളയുന്നു; താരിളം—കയ്യിണയന്നേരം വാടീലല്ലീ?

2. ആപാദചൂഡമിളംനീലവർണ്ണത്തിൽ—ശോഭിക്കുംവസ്ത്രത്താൽമൂടിക്കൊണ്ടു
ചെമ്മേനൂൽനൂൽക്കുന്നോരമ്മതന്നാനനം—മിന്നുന്നുമാനത്തിലിന്ദുപോലെ.
അമ്മ"യെന്നോമനെ!" യെന്നുവിളിക്കുന്നോ—രമ്മധുരസ്വനംകേട്ടു പൈതൽ
ചെമ്പദത്താരുകൾ വെച്ചുവെച്ചോടുന്നു—ണ്ടിമ്പമോടമ്മതൻചാരത്തേയ്ക്കു.
അയ്യോ!മരപ്പൂളിൽതട്ടിത്തടഞ്ഞിപ്പോൾ—'പയ്യന്റെ' കാലിണനൊന്തീടുമേ?
അമ്മരപ്പൂളുകൾക്കിന്നുള്ളോരാനന്ദം—നമ്മൾക്കുളവാകിൽഭാഗ്യം! ഭാഗ്യം!
പുഞ്ചിരിതൂകിമധുതൂവിക്കൊണ്ടമ്മത—ന്നങ്കത്തിൽകേറിയിരുന്നുബാലൻ
(വീട്ടിൽ
കണ്ണത്തിൽകൈവല്ലിചുററിക്കപോലത്തിൽ— ചുംബിക്കും നേരമാകൊച്ചു—
ചന്ദ്രാക്കരൊത്തുദിച്ചീടുകിലുണ്ടാകും—സാന്ദ്രപ്രകാശംതാൻ കാണാകുന്നു.

3. അച്ഛൻ പറയുന്നവാക്കുകൾകേട്ടുകൊ—ണ്ടച്ഛരിന്നമോദമാകൊച്ചുപൈതൽ
വാളുളിയെന്നിവകൊണ്ടുകൊടുക്കുന്നു—ബാലരെ!നിങ്ങളീകാഴ്ചകാണ്മിൻ!

തൽക്ഷണംതോളിൽമരത്തുണ്ടൊന്നേററിക്കൊ–ണ്ടച്ഛൻെറ ചാരത്തുവെച്ചീടുന്നു
കോടാലികൊണ്ടിതാമറെറാരുത്തുണ്ടിൻെറ—പാടുകൾപാടുപോൽ പോക്കീടുന്നു
കഷ്ടം! ആ കോടാലിക്കുള്ളഭാരത്തെയീ—കൊച്ചുകൈവല്ലികൾ താങ്ങീടുമൊ?
(ണയാൽ

4. അമ്മവിളിക്കുന്നു 'കൊച്ചനെ'യന്നേരം—"കണ്മണീ!പൊന്നും കൈത്താരി—
നൂലൊന്നുനീട്ടിപ്പിടിക്കു,കൊട്ടംപിരി—ച്ചാലേ ഞാൻതീർത്തുടൻ ചുററീടട്ടെ"
സാവധാനം പൈതൽനൂലിനെകയ്യിൽചേ–ത്താവുന്നവേഗത്തിലോടുന്നല്ലൊ.
കഷ്ടം! കൈത്താരിതൾനൂൽപ്പിരിച്ചുററിനാൽ–വട്ടംമറിഞ്ഞുടൻവീണീടുമൊ?
(തുടരും.)

# പുണ്യവാൻ.

(ശ്രീമാൻ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്.)

ദിവ്യദൎശനങ്ങളും വെളിപാടുകളും ലഭ്യമായിട്ടുള്ള ഒരാളോ അത്ഭുതപ്രവൎത്തനത്തിനു ശക്തിയുള്ള ഒരാളോ ഒരു പുണ്യവാനായിരിക്കണമെന്നില്ല. സ്വഭാവാതീതങ്ങളായ ഈ ശക്തികൾ ഒരു പുണ്യവാനുണ്ടായിരിക്കാം. എന്നാൽ ഈ ശക്തികൾക്കു ഒരു പുണ്യവാനെ ഉളവാക്കുന്നതിനുള്ള പ്രാപ്തിയില്ല. ക്രിസ്തുവിൻെറ ഉപദേശങ്ങളെ മുഴുവൻ മനസ്സിലാക്കി അവയെ പ്രവൎത്തനപദ്ധതിയിൽ വരുത്തിയിട്ടുള്ള ഒരു മനുഷ്യനാണ് സാക്ഷാൽ പുണ്യവാൻ. "നിൻെറ കൎത്താവായ ദൈവത്തെ നിൻെറ മുഴു ഹൃദയത്തോടും നിൻെറ മുഴു ആത്മാവോടും, നിൻെറ മുഴുമനസ്സോടും, നിൻെറ മുഴുശക്തിയോടുംകൂടി സ്നേഹിക്കുക. നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക." ഈ പ്രാധാന്യമേറിയതായ രണ്ടു ദൈവപ്രമാണങ്ങളെ വാസ്തവത്തിൽ മനസ്സിലാക്കിയിട്ടുള്ള ഒരാളാണ് ഒരു പുണ്യവാൻ. വേറൊരുതരത്തിൽ പറകയാണെങ്കിൽ ക്രിസ്തീയ പുണ്യങ്ങളെ വീൎയ്യപരാക്രമങ്ങളോടുകൂടി പ്രായോഗികപദ്ധതിൽ വരുത്തിക്കൊണ്ടിരിക്കുന്ന ഒരു ധീരയോദ്ധാവാണ് പുണ്യവാൻ.

ഇപ്രകാരമുള്ള പുണ്യവാന്മാരാൽ ലോകം ആവൃതമായിരിക്കുന്നുവെങ്കിൽ തീൎച്ചയായും വ്യക്തിപരമായോ സാമൂഹ്യപരമായോ ഉള്ള യാതൊരു കലാപവും ഈ ഭൂമുഖത്തുണ്ടാകുന്നതല്ല. സ്വന്ത അവകാശങ്ങളേപ്പററി ശരിയായ അറിവുള്ളതിനാൽ അവസ്ഥാതീതമായി ആരും പ്രവൎത്തിക്കുകയില്ല. അതുപോലെ തന്നെ അന്യൻെറ അവകാശങ്ങളേപ്പററി വാസ്തവമായ ബഹുമാനമുള്ളതിനാൽ ആരും അപഹരണത്തേപ്പററി സ്വപ്നേപി വിചാരിക്കയുമില്ല. ഓരോരുത്തക്കും അവരവരുടെ അവകാശങ്ങളേപ്പററി ശരിയായ ജ്ഞാനം ഉണ്ടായിരിക്കും. അത്യാഗ്രഹം, അസൂയ, സ്പൎദ്ധ, സ്വാൎത്ഥം എന്നീ ദുർഗ്ഗുണങ്ങളാൽ അവരുടെ ആദൎശങ്ങൾ ഒരിക്കലും വ്യതിചലിക്കയോ കളങ്കപ്പെടുകയോ ചെയ്യുന്നതല്ല. എന്തെങ്കിലും അനൈക്യത അവരുടെ ഇടയിൽ ഉളവാകുന്ന പക്ഷം സ്വനഷ്ടങ്ങളെ സഹിക്കുന്നതിനും അന്യനു ബഹുമതി വിട്ടുകൊടുക്കുന്നതിനും ഓരോരുത്തരും തയാറായിരിക്കും. സൌഹാർദ്ദമായതും യോജിപ്പോടുകൂടിയതുമായ ഒരു തീരുമാനത്തെ ഇരുകൂട്ടരും അതിയായി ആഗ്രഹിക്കും. ഏതൊരു സന്ധിയാലോചനക്കും അവർ സസന്തോഷം കീഴ്പ്പെടുകയും ചെയ്യും. ഓരോ വ്യക്തികളെ സംബന്ധിക്കുന്നതായ ഈ സംഗതികൾ വ്യക്തിസമൂഹങ്ങളായ സ

മുദായങ്ങളേയും രാജ്യങ്ങളേയും ബാധിക്കുന്നതാണെല്ലൊ. ചുരുക്കത്തിൽ, ക്രിസ്തീയ പുണ്യവാന്മാരാൽ ആവൃതമായിരിക്കുന്ന ഒരു ലോകത്തിൽ ഒരിക്കലും യാതൊരു യുദ്ധമോ കലാപമോ ഉണ്ടാകയില്ലായെന്നുള്ളതു് ഒരു നിർവ്വിവാദസത്യമാണ്.

# ചെറുപുഷ്പസഹോദരികൾ.

IX.

## പ. പിതാവുമായുള്ള ഫാദർ ഡേവാളന്റെ സന്ദർശനം.

(റവ. ഫാദർ എജിലിയോസ് സി. ഡി.)

൧൯൨൫ മേയി ൧൭-ാംനു- ആണല്ലോ ന. പരിശുദ്ധ പിതാവു്, ചെറുപുഷ്പത്തെ വിശുദ്ധരുടെ ഗണത്തിൽ ചേർത്തതു്. അതിന്റെ വാർഷികദിനമായ ഇന്നു ആ പരിശുദ്ധ പിതാവിനെ സന്ദർശിച്ച വിവരം പ്രസ്താവിക്കുന്നതു് ഒന്നുകൊണ്ടും അസ്ഥാനത്തിലാകയില്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ഏപ്രിൽമാസം ൧൭-ാംനു- ഞാൻ റോമ്മായിൽ എത്തി വി. പത്രോസിന്റെ തിരുശരീരം സ്ഥിതി ചെയ്യുന്ന മഹനീയമായ കപ്പേളയിൽ ദിവ്യപൂജ അർപ്പിച്ചു. ആ ശവകുടീരത്തിനു മുകളിൽ "നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും" എന്നു് അതി മനോഹരമായ വിധത്തിൽ എഴുതപ്പെട്ടിരിക്കുന്നു. പൂജാനന്തരം ഞാൻ വത്തിക്കാൻ അരമനയിൽ ചെന്നു് പ. പിതാവുമായുള്ള സന്ദർശനത്തിനു വേണ്ട ഏർപ്പാടുകൾ എല്ലാം ചെയ്തു. പിറേറ ദിവസം കാലത്തെ വത്തിക്കാൻ അരമനയുടെ ഓടുകൊണ്ടുള്ള വാതിലുകളേയും അതിന്നരികെ യൂണിഫോറം ധരിച്ചു് വാളുമേന്തി നില്ക്കുന്ന 'സ്വിസ്സ്'ഭടന്മാരേയും കടന്നു്, വളരെ പൊക്കമുള്ള ഒരു മാർബിൾ കോവണിവഴി അതിവിസ്താരമുള്ളതും അതിവിശേഷമായ ചിത്രങ്ങളാലും നേത്രാനന്ദകരമായ കൊത്തുപണികളാലും അലംകൃതവുമായ ഒരു മാർബിൾ ഹാളിൽ ചെന്നെത്തി. അവിടെ ഏകദേശംഒരുനൂറോളം ആളുകൾ സ്ഥലംപിടിച്ചിട്ടുണ്ടായിരുന്നു.ഇതു കണ്ടപ്പോൾ, ഒരു രഹസ്യസന്ദർശനത്തിനാഗ്രഹിച്ചിരുന്ന എനിക്കു ഒരു പരസ്യമായ സന്ദർശനമാണല്ലോ ലഭിക്കുവാൻ പോകുന്നതു്, എനിക്കു പ. പിതാവിനോടു തനിച്ചു സംസാരിക്കുവാൻ തരം കിട്ടുകയില്ലല്ലോ എന്നുള്ള വിചാരത്താൽ എന്റെ ഹൃത്തടം ധൃതിയായി അടിച്ചുതുടങ്ങി. ഇങ്ങനെ ആശയററവനായിരിക്കുകയിൽ ഒരു വൈദികൻ എന്റെപക്കൽ അടുത്തു്, കൂടെ പോകുന്നതിനു അടയാളം കാണിച്ചുകൊണ്ടു് ഒരക്ഷരംപോലും മിണ്ടാതെ അതിവേഗം നടന്നുതുടങ്ങി. ഞാനും പിന്നാലെ എത്തി.

ഞങ്ങൾ അനവധി വരാന്തകൾകടന്നുവേറൊരു വിസ്താരമേറിയ ശാലയിൽ ചെന്നുചേൻ്നു.അപ്പോൾ എന്റെമാർഗ്ഗദർശി മൌനമുദ്ര പൊട്ടിച്ചു് പ. പിതാവിന്റെമുറികളോടു നാം സമീപിക്കയാണു് ചെയ്യുന്നതു് എന്നുപറഞ്ഞു. പ്രസ്തുത ശാല വരെ വരാന്തകളിൽ ഇരുനിരകളിലായി യൂണിഫോറം ധരിച്ച സ്വിസ്സ് ഭടന്മാരും ഇവിടംമുതൽ പ. പിതാവിന്റെ മുറിവരെ നോബിൾഗാർഡും സൈനികമുറയ്ക്കുള്ള വസ്ത്രങ്ങളും ആയുധങ്ങളും ധരിച്ചു് നിൽപുണ്ടു്. മുറിക്കടുത്തു വന്നപ്പോൾ ഇവിടെ നില്ക്കൂ എന്നു പറഞ്ഞശേഷം കൂടെയുണ്ടായിരുന്ന വൈദികൻ പരിശുദ്ധ പിതാവിന്റെ മുറിയിലേക്കു പ്രവേശിച്ചു. സ്വല്പസമയം കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും

വന്ന് "നിങ്ങളെ ഇപ്പോൾ പ. പിതാവ് സ്വീകരിക്കും" എന്നു പറഞ്ഞുകൊണ്ട് മ്ശിഹായുടെ വികാരിയുടെ മുമ്പാകെ കൊണ്ടുചെന്നാക്കി. ഹാ! എന്തൊരു കാഴ്ച. ഭൂമിയിൽ മ്ശിഹായുടെ പ്രതിപുരുഷൻ, ശുഭ്രമയമായ പട്ടുവസ്ത്രങ്ങളാൽ അലംകൃതനായി എൻെറ മുമ്പാകെ കാണപ്പെട്ടുന്നു. വി. പത്രോസിൻെറ പിൻഗാമി— "നീ പാറയാകുന്നു; ഈ പാറമേൽ എൻെറ പള്ളിയെ ഞാൻ പണിയും; സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകളെ നിനക്കു ഞാൻ തരും" എന്നു ന. ദിവ്യരക്ഷകൻ അരുളിച്ചെയ്തു വി. പത്രോസിൻെറ യഥാർത്ഥപിൻഗാമി— എൻെറ മുമ്പാകെ ഉപവിഷ്ടനായി. എന്തൊരത്ഭുതം. ഉടനടി ഞാൻ മുട്ടിന്മേൽ നിന്നുകൊണ്ട് പ. പിതാവിൻെറ അംഗുലീയം ചുംബനം ചെയ്തു. അതിൻെറശേഷം എൻെറകൂടെ വന്ന വൈദികൻ എന്നെ പരിചയപ്പെടുത്തിയിട്ട് സ്ഥലം വിട്ടു. ഞാൻ ഏകനായി, ഭൂലോകത്തിൽവെച്ച് ഏററവും പൂജ്യനായ ഒരു മഹാപുരുഷൻെറ പക്കൽ— ഏകദേശം ൩൦ കോടിയോളം വരുന്ന ഒരജഗണത്തെ ഭരിച്ചു നടത്തുന്ന ഒരദ്ധ്യാത്മികരാജൻെറ പക്കൽ— അതേ ചെറുപുഷ്പത്തെ ൧൯൨൩-ൽ ധന്യയെന്നും, ൧൯൨൫-ൽ വിശുദ്ധയെന്നും നാമകരണം ചെയ്ത ആ ചെറുപുഷ്പഭക്തൻെറ പക്കൽ ഏകാകിയായി നിലകൊണ്ടു.

പരിശുദ്ധ പിതാവ് എൻെറ സംസാരം കേൾക്കുന്നതിനു എന്നു തോന്നുമാറു സ്വല്പം താമസിക്കുകയിൽ ഞാൻ— പ. പിതാവേ! ഒരു വാക്കു പറഞ്ഞുകൊള്ളട്ടേ എന്നു പറഞ്ഞു. പ. പിതാവ് പുഞ്ചിരി തൂകിക്കൊണ്ട് "ഒരു വാക്കല്ല; പല വാക്കുകൾ പറയാമല്ലോ" എന്നു പറഞ്ഞു. അവിടുന്ന്, നാം പടങ്ങളിൽ കാണുന്നതുപോലെ തന്നെയാണ് ഇരിക്കുന്നത്. ഇപ്പോൾ കുറെ ക്ഷീണം തട്ടിയിട്ടുണ്ട്. അതു മാത്രമേ വിശേഷമുള്ളു. അദ്ദേഹത്തിൽ പ്രശോഭിച്ചുകാണുന്ന ഗുണങ്ങൾ, സൗമ്യതയോടും ശാന്തതയോടും ഉള്ള പ്രവൎത്തനാരീതി, നിരവധി ജോലികളെ ക്ഷമയോടും അപലാധി കൂടാതെയും സഹിക്കുന്ന ഒരു മഹാമനസ്കത എന്നിവകളാകുന്നു. വീണ്ടും ഞാൻ— പ. പിതാവേ! ഞാൻ റോമ്മായിൽ വന്നതു് എൻെറ പ്രത്യേകതരമായ ഈ ജോലിയിൽ അവിടത്തെ ആശീൎവ്വാദം വാങ്ങിക്കുവാൻ വേണ്ടിയാകുന്നു.

പരി. പിതാവ്— അതു എന്തു ജോലിയാണ്.

ഞാൻ— അമേരിക്കയിൽ ചെറുപുഷ്പഭക്തി വൎദ്ധിപ്പിക്കയാണ് എൻെറ ജോലി. ഇതു കേട്ട മാത്രയിൽ സന്തോഷത്താൽ പ്രകാശിക്കുന്ന മുഖത്തോടുകൂടി "എത്രയോ മഹനീയമായ ജോലി" എന്നരുളിച്ചെയ്തു. അതിൻെറശേഷം അദ്ദേഹത്തിൻെറ മുഖകമലത്തിൽ സ്ഫുരിച്ചിരുന്ന സന്തോഷചിഹ്നങ്ങൾ കാണേണ്ടതു തന്നെയായിരുന്നു.

ഞാൻ-ചെറുപുഷ്പത്തോടുഅവിടന്നു കാണിച്ച വാത്സല്യത്താൽ അങ്ങേയോടു അതിയായ സ്നേഹമുള്ളവർ ഇന്നു അമേരിക്കയിൽ വളരെ അധികമുണ്ട് എന്നു പറഞ്ഞപ്പോൾ, പ. പിതാവ് പുഞ്ചിരി തൂകിക്കൊണ്ട് "ഞങ്ങൾ യൂറോപ്പിൽ അവിശുദ്ധയെ കൊച്ചുത്രേസ്യായെന്നാണ് സംബോധനം ചെയ്യുന്നതു്. നിങ്ങളൊ എന്നാൽ ചെറുപുഷ്പമെന്നാണല്ലോ അമേരിക്കയിൽ വിളിക്കുന്നതു്."

ഞാൻ— പരി. പിതാവേ! ചെറുപുഷ്പത്തെ നാമംകൊണ്ടുമാത്രം അറിയുന്നവരായി ഇന്നു അമേരിക്കയിൽ ധാരാളം ആളുകളുണ്ട്. ആകയാൽ പള്ളികളിലും പട്ടണങ്ങളിലും പോയി അവളുടെ കുറുക്കുവഴിയെ പ്രസംഗിച്ചറിയിക്കുകയാണ് എൻെറ ജോലി. അതിനു ഒരു പ്രത്യേകാശീൎവ്വാദം വാങ്ങിപ്പാനാണ് ഞാൻ വന്നിരിക്കുന്നതു്.

പ. പിതാവ്— ഒന്നല്ല, മൂന്നാശീൎവ്വാദം ആവശ്യമായിരിക്കുന്നു. ഒന്നാമതായി നിങ്ങളുടെ ജോലിയുടെ പ്രശസ്തമായ വിജയത്തിനു്; എന്നു പറഞ്ഞശേഷം കുരിശടയാളം വരച്ച് ആശീൎവ്വദിച്ചു തിരുമോതിരം ചുംബിപ്പിച്ചു. രണ്ടാമത്തേതു് പ്രസ്തുത ജോലി ശരിയാകുംവണ്ണം നടത്തിക്കൊണ്ടുപോകുന്നതിനു തക്ക ശക്തിയും നല്ല ഭക്തിയും ദേഹസൌഖ്യവും കിട്ടുന്നതിനു്; എന്നു

പറഞ്ഞു മുമ്പിലത്തേപ്പോലെ ആശീർവ്വദിച്ചു. മൂന്നാമത്തേത്, നിങ്ങളുടെ പ്രസംഗം വിശ്വാസികൾ ശരിയായി കേട്ട് തക്ക ഫലം എടുക്കുന്നതിനുള്ള വരപ്രസാദം ഉണ്ടാകുന്നതിന്; എന്നു പറഞ്ഞ് മൂന്നാമതും ആശീർവ്വദിച്ച തിരുവാഴി മുത്തിച്ചു.

തദനന്തരം അമേരിക്കയിലെ ചെറുപുഷ്പസഖ്യാംഗങ്ങൾക്ക കൊടുക്കുന്നതിനായി ഒരാശീർവ്വാദം തരണമെന്നും അതു നവദിനജപങ്ങളുടെ അവസാനം അവക്കു കൊടുക്കുന്നതിന് എന്നെ അധികാരപ്പെടുത്തണമെന്നും ഞാൻ ആവശ്യപ്പെട്ടു. അതിൻപ്രകാരം അനുവാദം നൽകുകയും സ്റ്റെയിററ് സിക്രട്ടറിയായ കർദ്ദിനാൾ ഗസ്പാറി തിരുമനസ്സിലെ ഒരു പ്രത്യേകലിഖിതം വഴിയായി അതിനെ ഉറപ്പിച്ചുതരികയും ചെയ്തു. പിന്നീട്ട ചെറുപുഷ്പത്തിൻെറ അദ്യശവകുടീരത്തിനു മുകളിൽ വളൎന്നുവന്നിരുന്നതും, പിന്നീട്ട തിരുശ്ശരീരം മാററപ്പെടേണ്ടിവന്നപ്പോൾ പറിച്ചുനീക്കപ്പെട്ടതുമായ ഒരു റോസച്ചെടിയുടെ കൊമ്പുകൾകൊണ്ട് അതിവിശേഷമായി നിമ്മിക്കപ്പെട്ടതും ഇപ്പോൾ ഇവിടെ ഇരിക്കുന്നതുമായ തുങ്ങപ്പെട്ട രൂപത്തേക്കുറിച്ചു ഞാൻ പറയുകയും അതിനെ സന്ദശിച്ചു വണക്കം ചെയ്യുന്നവക്കു ൩൦൦ ദിവസത്തെ ദണ്ഡവിമോചനം കൊടുക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു. അതിനു പ. പിതാവ്, "എൻെറ അനുഗ്രഹങ്ങൾ എഴുതി നിശ്ചിത പദ്ധതികളിൽക്കൂടെ അയക്കണമെന്നും ഇങ്ങനെ അതു തൻെറപക്കൽ വരുമ്പോൾ അതിനെ അംഗീകരിക്കാമെന്നും" അരുളിച്ചെയ്തു. അപ്രകാരം ഞാൻ ചെയ്കയും അതു ലഭ്യമാവുകയും ചെയ്തു. ഇതിനേത്തുടൎന്ന് ചെറുപുഷ്പസഖ്യാംഗങ്ങൾക്ക ഒരു സന്ദേശം തന്നയയ്ക്കണമെന്നുള്ള എൻെറ അഭ്യഗ്രഹത്തെ അറിയിച്ചു. അതിനു അവിടുന്ന് "പുണ്യപൂൎണ്ണതയുടെ സംക്ഷേപമാതൃകയായ വി. കൊച്ചുത്രേസ്യായുടെ കുറുക്കുവഴിയേയും എളിയ ജീവിതത്തേയും അനുകരിക്കുകയും ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്യുന്നതിനു അവരോടു അറിയിക്കുക" എന്നരുളിച്ചെയ്തു. ഹാ, എന്തോരു മഹനീയപദം! എത്രയോ ഉന്നതമായ പദവി! പുണ്യപൂൎണ്ണതയുടെ സംക്ഷേപമാതൃക!! എന്തോരഭിധാനം! എത്രയോ പ്രശംസനീയമായ പദപ്രയോഗം! അതും ക്രിസ്തുവിൻെറ വികാരിയിൽനിന്നു ലഭ്യമായത്!!

ഇതിൻെറ ശേഷം, മേയിമാസം 17-ാംനു- ചെറുപുഷ്പത്തേ പരിശുദ്ധരുടെ ഗണത്തിൽചേർത്തദിവസം ചെയ്ത പ്രസംഗത്തിൽ പ. പിതാവു അവളെ "എൻെറ മാൎഗ്ഗദശിയായ നക്ഷത്രം" എന്നുവിളിച്ചതിൻെറ കാരണം എന്താണെന്നറിയുന്നതിനുആഗ്രഹം ഉണ്ടെന്നുഞാൻ അറിയിച്ചു. തൽക്ഷണം സന്തോഷത്താൽ തിളങ്ങുന്ന മുഖത്തോടുകൂടി "അവൾ എൻെറ മാൎഗ്ഗദശിതന്നെ. ഏതെങ്കിലും ഒരു സംഗതി എനിക്കു വിഷമമുള്ളതായി തോന്നുമ്പോൾ ഞാൻ വേഗത്തിൽ അവളുടെ പക്കൽ അഭയം പ്രാപിക്കുന്നു. അപ്പോൾ അവൾ എൻെറ ആഗ്രഹത്തെ നിറവേററുകയും വിഷമതയെ തീൎക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് അവളെ എൻെറ മാർഗ്ഗദശിയായ നക്ഷത്രം എന്നു സംബോധനം ചെയ്യുന്നതു" എന്നു പറഞ്ഞ ശേഷം വീണ്ടും തുടൎന്നു "എൻെറ ആശീർവ്വാദം നിങ്ങളുടെ മേലും നിങ്ങളുടെ ജോലികളിന്മേലും ഉണ്ടായിരിക്കട്ടെ. ചെറുപുഷ്പം നിങ്ങളേയും നിങ്ങളുടെ പ്രശസ്തമായ പ്രേഷിതവൃത്തിയേയും അനുഗ്രഹിക്കട്ടെ." എന്നു പറഞ്ഞശേഷം ഞങ്ങളുടെ സന്ദശനം അവസാനിപ്പിച്ചു. ഉടനെ ഞാൻ സ്ഥലം വിടുകയും ചെയ്തു.

പ്രിയസ്നേഹിതരേ!

ഈ പരിശുദ്ധ പിതാവുതന്നെയാണ് വി. പത്രോസിൻെറ ദേവാലയത്തിൽവച്ചു വളരെ ആഡംബരമായി ചെറുപുഷ്പത്തെ പരിശുദ്ധരുടെ ഗണത്തിൽ ചേർത്തതു. പ്രസ്തുത സമയത്തിൽ ആ വിശുദ്ധയെ 'എൻെറ മദ്ധ്യസ്ഥ! എൻെറ പരിരക്ഷ ാം, വിഷമതകളിൽ എൻെറ സങ്കേതം" എന്നീ മഹനീയപദങ്ങളാൽ അലംകരിക്കയുണ്ടായി. എന്തോരതിശയം!! ഒരു എളിയ ജീവിതം കഴിച്ചിരുന്ന ഒരുകന്യാസ്ത്രീ, നോർമണ്ടിയിലുള്ള

ഒരു മഠത്തിൽ അജ്ഞാതജീവിതം നയിച്ചിരുന്ന ഒരു യുവതി, മിശിഹായുടെ വികാരിയിൽ നിന്നു,—വി: പത്രോസിന്റെ പിൻഗാമിയിൽനിന്നു, ഇപ്രകാരമുള്ള ഒരു ബഹുമാനനാമം സ്വീകരിച്ചിരിക്കുന്നു!! തന്റെ സ്വർഗ്ഗരാജ്യം ഭൂമിയിൽ നന്മ ചെയ്യുന്നതിനു ചിലവഴിക്കുന്ന യൗവനയുക്തയായ ഈ വിശുദ്ധ, ഇന്നു നമ്മുടെ ഇടയിൽ- ഈ കപ്പേളയിൽ പ്രസന്നയായിരിക്കുന്നു. ഇതു എത്രയോ വലിയ ഭാഗ്യം! അവളുടെ ഏററം വിശേഷമായ തിരുശേഷിപ്പ്—അതേ അവളുടെ ശരീരത്തിന്റെ ഒരു ഭാഗം, -എന്നുവേണ്ട അവളുടെ സ്മരണയേ നില നിർത്തുന്നതിനു പര്യാപ്തമായ സകല വസ്തുക്കളും ഇവിടെ കൊണ്ടുവരുവാൻ ഇട കിട്ടിയതു ഒരു വലിയ അത്ഭുതം തന്നെയല്ലയോ? ഇപ്രകാരമുള്ള ആ വിശുദ്ധ വസ്തുക്കളുടെ സാന്നിദ്ധ്യം ചെറുപുഷ്പത്തിന്റെ പ്രസന്നതയുടേയും മന്ദഹാസത്തിന്റെയും അനുഭവത്തിനു നമുക്കു ഇടയാകാതിരിക്കയില്ല. ഈ തിരുവസ്തുക്കൾ മുഖാന്തിരം ഓ വി: ചെറുപുഷ്പമേ! നീ ഞങ്ങളുടെ മദ്ധ്യേ എഴുന്നള്ളിയിരിക്കുന്നു. നിന്നെ ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു. ഓ! കൊച്ചുറാണി! റോസാപുഷ്പങ്ങളുടെ രാജ്ഞി! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ! നിന്റെ കുറുക്കുവഴിയെ ഞങ്ങൾ പഠിക്കുകയും അനുകരിക്കുകയും ചെയ്യണമെന്നുള്ള പരി. പിതാവിന്റെ സന്ദേശത്തെയും, നിന്റെ എളിമയെ അനുകരിക്കുക, അധമവും ഹീനവും നീചവുമായ സകലത്തിൽ നിന്നും അകന്നിരിക്കുക, വി. കുർബ്ബാനയോടും നമ്മുടെ അമ്മയായ പരിശുദ്ധ കന്യാസ്ത്രീ മറിയത്തോടും ഉള്ള ഭക്തിയിൽ ഉത്തരോത്തരം വർദ്ധിക്കുക, എന്നീ അവിടത്തെ സഹോദരികളുടെ സന്ദേശങ്ങളേയും ഞങ്ങളുടെ ശേഷിച്ച ജീവിതാംശത്തിൽ പ്രായോഗികമാക്കുന്നതിനും ഞങ്ങളെ സഹായിക്കണമേ! ഞങ്ങളുടെ സംരക്ഷകയെ! നിന്റെ സഹോദരിയായ പൗളീന്റെ വചനങ്ങൾ പോലെ ഞങ്ങളെ നിന്റെ മാധുർയ്യസംരക്ഷണയിൻകീഴ ഭരമേല്പിച്ചിരിക്കുന്നു. ഞങ്ങളെ സഹായിക്കണമെ!

---

# യഥാർത്ഥസുഖം.

(ശ്രീമാൻ തോമസ് ചാണ്ടി മുക്കാടൻ.)

ലോകഗതി സസൂക്ഷ്മം വീക്ഷിക്കുന്ന പക്ഷം എല്ലാമനുഷ്യരും സ്ഥാനസ്ഥിതിഭേദമെന്യേ സുഖാന്വേഷികളായി പ്രത്യക്ഷപ്പെടുന്നതാണ്. രാജ്യലാഭത്തിനായിസമരംനടത്തുന്ന നൃപനും, പോർക്കളത്തിൽ ശത്രുസംഹാരത്തെ കൊതിച്ച് രക്തംചിന്തുന്ന പടയാളിയും, ജീവൻ പണയപ്പെടുത്തികൊണ്ടു അംബരമാർഗ്ഗേ പക്ഷിഃവർഗത്തെ വെല്ലുമാറു പായുന്ന വൈമാനികനും, സ്വേദവിസ്ഫുരണത്താൽ അഹോരാത്രം പണിപ്പെടുന്ന കൃഷികനും, വഴിനീളെ അലയുന്ന ഭിക്ഷുവും, എന്നുവേണ്ട നരകുലം ആകമാനം സുഖപ്രാപ്തിയ്ക്കായി അക്ഷീണയത്നം ചെയ്യുന്നു. സുഖലാഭത്തെ മോഹിച്ച് ഓരോരുത്തരും നൂതനമായ ഓരോ മാർഗ്ഗത്തെ പിൻതുടരുകയും നവീനപ്രസ്ഥാനങ്ങളെപ്രവൃത്തിസരണിയിലെത്തിക്കുവാൻ പ്രയാസപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

എല്ലാവരും ഒന്നുപോലെ അഗ്രഹിക്കുന്നതായ ഈ വസ്തു എന്തിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു അറിയാഞ്ഞിട്ടെന്നവണ്ണം ഒരുവൻ ഏതൽപ്രാപ്തിയ്ക്കായി ധനത്തെ കൈക്കലാക്കുമ്പോൾ അപരൻ ജ്ഞാനത്തെ വരിക്കുവാൻ ബദ്ധപ്പെടുകയും മൂന്നാമൻ കീർത്തിയേയും ഉന്നതപദവിയേയും സ്പർശിക്കുവാൻ സാഹസപ്പെടുകയും ചെയ്യുന്ന കാർയ്യ സർവ്വസാധാരണമത്രെ. എന്നാൽ ധനലാഭമോ,

ജ്ഞാനലബ്ധിയൊ, സ്ഥാനബഹുമാനപ്രാപ്തിയൊ ഒന്നും തന്നെ യഥാൎത്ഥസുഖത്തെ നൽകുന്നതിനു പൎയ്യാപ്തമല്ലെന്ന് അനുഭവസ്ഥന്മാർ ഉൽഘോഷിക്കുന്നുണ്ട്. ഹിതകരമായ ഭക്ഷ്യപേയങ്ങളെ അട്ടപ്പിക്കയും, മണിസൗധങ്ങളെ അധിവാസസ്ഥാനങ്ങളാക്കിത്തീൎക്കയും, രാജോചിതമായ വേഷപ്രൌഢികളെ തന്നേയും സാധിച്ചു കൊടുക്കയും, നീതിന്യായത്തെ ചില സന്ദൎഭങ്ങളിൽ മാററി മറിക്കയും മററും ചെയ്യുന്ന ധനത്തിനും, നൂതനങ്ങളായ ധനാഗമമാൎഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിനും, പരിഷ്കൃതമായ ജീവിതരീതിയെ അവലംബിച്ച് സ്തുതിസ്ഥാനത്തെ പ്രാപിക്കുന്നതിനും, ലോകാത്ഭുതങ്ങളായ സാധനങ്ങൾ നിൎമ്മിക്കുന്നതിനും ശക്തിനൽകുന്ന വിദ്യയ്ക്കും ജനസാമാന്യത്തെ കല്പിച്ചു നടത്തുന്നതിനും നിയമങ്ങൾ സൃഷ്ടിക്കുന്നതിനു ദേശനടപടിയെ തനിക്കനുകൂലമായി നയിക്കുന്നതിനും എന്നല്ല, കൊല്ലും കൊലയ്ക്കുംകൂടി അധികാരമുള്ള ഉന്നതസ്ഥാനത്തിനും സാക്ഷാത്തായ സുഖം പ്രദാനംചെയ്വാൻ കഴികയില്ലെങ്കിൽ ആ വസ്തുപിന്നെ എവിടെയാണ് സ്ഥിതിചെയ്യുന്നത്.

പലരും ഇതിൻെറ സാദ്ധ്യത്തിനായി നാലുപാടും അമ്പരന്നുനോക്കുന്നു. പരമാൎത്ഥത്തിൽ അതു് നമ്മിൽനിന്നും വിദൂരമല്ല. ഹൃദയസമാധാനമാണ് യഥാൎത്ഥ സുഖത്തിനാധാരമായിരിക്കുന്നതു്. അല്ലാതെ ലൌകികമായ യാതൊന്നിൻേറയും ലാഭത്തിലല്ല അതിൻെറ സാക്ഷാൽ വാസം. ഇങ്ങനെയെങ്കിൽ ഹൃദയസമാധാനം വരുത്തുന്നതിനുള്ള മാൎഗ്ഗമെന്തെന്ന് ഉപരി ചിന്തിക്കേണ്ടിയിരിക്കുന്നു. മനഃസ്സാക്ഷിപരമായി തൻെറ കൎത്തവ്യത്തെ നിൎവ്വഹിച്ചു എന്നുള്ള ചാരിതാൎത്ഥ്യചിന്ത ഒരുവന് പൂൎണ്ണമായ ഹൃദയസമാധാനത്തെവരുത്തുന്നതായിരിക്കും. നിൎദ്ധനരിലും വിദ്യാവിഹീനന്മാരിലും അധികാരശൂന്യരായ സാധാരണക്കാരിലുംസുഖവാന്മാരെ കണ്ടെത്തുന്നതിൻെറ രഹസ്യം ഇതല്ലാതെ മറെറാന്നുമല്ല.

നമ്മുടെ പ്രവൃത്തികളിൽ അന്തഃക്കരണ ശാസനയെ മാൎഗ്ഗദൎശിയായി സ്വീകരിക്കുന്നതിനും മനഃസ്സാക്ഷിപരമായി ജീവിക്കുന്നതിനും ധൈൎയ്യം, അഭിപ്രായധീരത, ആത്മവിശ്വാസം, ക്ഷമ, ആദിയായ ഗുണങ്ങൾ ആവശ്യമാകുന്നു. എല്ലാകാൎയ്യങ്ങളിലും മനഃസ്സാക്ഷിയെ പാലിക്കുന്നവന് പല ശത്രുക്കളോട് പോരാടേണ്ടതായും നാനാതര അപത്തുകളെ തരണം ചെയ്യേണ്ടതായും വരും. തൻെറ അഭിപ്രായം സ്ഥലത്തെ പ്രമാണിയുടെ ആദൎശത്തിനു വിപരീതമായിരിയ്ക്കുകയൊ ബഹുപക്ഷത്തിന് അനനുകൂലമായി ഭവിക്കയൊ ചെയ്യുമ്പോഴാണ് അനിഷ്ടാനുഭവങ്ങൾക്കിടയാകുന്നതു്. പലരും ഈ ദശസന്ദൎഭങ്ങളിൽ മുഖംനോക്കിയും കാൎയ്യലാഭത്തെ കരുതിയും മനഃസ്സാക്ഷിയെ ബലികഴിക്കയും തദ്വാരാ ഹൃദയസമാധാനത്തേയും അതോടെ യഥാൎത്ഥസുഖത്തേയും വൃഥാ നഷ്ടീഭവിപ്പിക്കയും ചെയ്യുന്നുണ്ട്.

നാം ഏതു് സംഗതിയിലേൎപ്പെട്ടപ്പോഴും ജഗദീശ ചിന്തയോടുകൂടി ഇരിക്കണം. അപ്പോൾ മനഃസ്സാക്ഷിയെ ഒരിക്കലും ദണ്ഡിപ്പിക്കുവാൻ ഇടവരികയില്ല. സ്ഥലത്തെ പ്രമാണി ഒരു ഭാഗത്തും, സൃഷ്ടിനാഥൻ മറുഭാഗത്തും- അതേ, പ്രമാണിക്കെതിരായി സത്യം- നില്ക്കുമ്പോൾ നാം ഏതു വശത്തേയ്ക്കാണ് തിരിയേണ്ടതു്? ഇങ്ങനെയുള്ള സന്ദൎഭങ്ങളിൽ കാൎയ്യഗൌരവം ഗണിക്കാതെ പെട്ടെന്നുള്ള ഗുണത്തെ കരുതി സത്യത്തെ അഥവാ ദൈവത്തെ വെടിയുകയും അങ്ങനെ ഹൃദയവേദന ഉണ്ടാക്കിവെയ്ക്കുകയുമല്ലയോ ചെയ്യുന്നതെന്നു നാം സാവകാശം ഒന്നു ചിന്തിക്കേണ്ടതാണ്. മനഃസ്സാക്ഷിയോടുകൂടി സത്യമാൎഗ്ഗത്തിൽ ചരിക്കുന്നവന് താല്ക്കാലികങ്ങളായ മാൎഗ്ഗക്ളേശങ്ങൾ നേരിട്ടാലും കാലാന്തരത്തിൽ സമാധാനവും തജ്ജന്യമായ സുഖവും സിദ്ധമാകുമെന്നുള്ളതു നിൎവിവാദമാണ്. അതിനാൽ യഥാൎത്ഥസുഖത്തെ കാംക്ഷിക്കുന്നവർ മനഃസ്സാക്ഷിയെ പാലിച്ച് സത്യവും നീതിയും ചെയ്ത് ഹൃദയസമാധാനം വരുത്തുക. ഇങ്ങ

നെ ചെയ്യുന്ന പക്ഷം വാതിൽ തുറക്കുമ്പോൾ വെളിച്ചമെന്നവണ്ണം ആ അപൂൎവ്വദിവ്യസാധനമായ യഥാൎത്ഥസുഖം ലഭിക്കുന്നതാണ്.

## ൲൱൫ൽ വൃശ്ചികമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### പ്രതിദിന ദിവ്യകാരുണ്യ സ്വീകരണം.

ദിവ്യരക്ഷകനായ ഈശോമ്ശിഹാ മനുഷ്യരുടെനേരെയുള്ള തന്റെ അളവററ സ്നേഹത്താൽ പരിശുദ്ധ കുൎബ്ബാനയെ സ്ഥാപിക്കയും ലോകാവസാനത്തോളം സക്രാരികളിൽ എഴുന്നള്ളിയിരുപ്പാൻ തിരുച്ചിത്തമാകയും ചെയ്തു. എന്നാൽ ത്രോണോസുകളിന്മേൽ ആരാധിക്കപ്പെടുന്നതിനു മാത്രമല്ല താൻ ഈ അത്ഭുതരഹസ്യം കല്പിച്ചരുളിയതു്. മനുഷ്യഹൃദയങ്ങളിലേയ്ക്കു എഴുന്നള്ളുന്നതിനും, അവരോടു ഏകീഭവിക്കുന്നതിനുമുള്ള അഗ്രഹാധിക്യം ഈ വിശുദ്ധ കൂദാശയുടെ സ്ഥാപനം സംബന്ധിച്ചുള്ള തന്റെ പ്രധാന ഉദ്ദേശമായിരുന്നു എന്നു വിശദമായി അവിടുന്നു പ്രസ്താവിച്ചിട്ടുണ്ടു്. എന്നുതന്നെയല്ല "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കയില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനുണ്ടാകയില്ല" എന്നുകൂടെയും അവിടുന്നു അരുളിച്ചെയ്തിരിക്കുന്നു. ക്രിസ്തീയസഭയുടെ ആരംഭകാലങ്ങളിൽ വിശ്വാസികൾ പ്രതിദിനം ഈ സ്വൎഗ്ഗീയ ഭോജനം അനുഭവിച്ചിരുന്നതിനാൽ അമാനുഷികമായ ശക്തിയും അത്ഭുതജനകമായ ധൈൎയ്യവും പ്രാപിച്ചിരുന്നതായി സഭാചരിത്രത്തിൽ കാണാം. എന്നാൽ കാലാന്തരത്തിൽ ഈ വിശ്വാസതീക്ഷ്ണതയ്ക്കു അല്പം മന്ദംഭവിച്ചു. മാത്രമല്ല, ഇത്ര പൂജ്യമായ ഈ പരമകൂദാശയെ കൈക്കൊള്ളുന്നതിനു വേണ്ട ഒരുക്കങ്ങളെപ്പററിയും അഭിപ്രായവ്യത്യാസമുണ്ടായി.



ജാൻസനിസ്റ്റ് പാഷണ്ഡികളാണു ഈ വിഷയത്തിൽ അമിതമായ ഒരു പദ്ധതിയെ അവലംബിച്ചതു്. സാധാരണ ഒരുക്കങ്ങളൊന്നും കൊണ്ടു ഈ വിഷയത്തിൽ തൃപ്തിപ്പെടാൻ പാടില്ലെന്നും, അതിനാൽ സാധാരണക്കാൎക്കു അടുക്കലടുക്കലുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു അണവാൻ അനുവദിക്കാവുന്നതല്ലെന്നും അവർ ശഠിച്ചു. ആണ്ടിലൊരു പ്രാവശ്യം ദിവ്യകാരുണ്യം ഉൾക്കൊള്ളണമെന്നു മാത്രമെ പാപത്തിൻകീഴ തിരുസഭ ആജ്ഞാപിക്കുന്നുള്ളുവെങ്കിലും കൂടക്കൂടെ ഈ സ്വൎഗ്ഗീയവിരുന്നിൽ സംബന്ധിക്കുന്നതിനു സഭാദ്ധ്യക്ഷന്മാർ വിശ്വാസികളെ എപ്പോഴും ഉത്സാഹിപ്പിച്ചുകൊണ്ടുവന്നിരുന്നു. എന്നാൽ ദിവ്യകാരുണ്യസ്വീകരണത്തിനുവേണ്ട ഒരുക്കങ്ങൾ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസം നിമിത്തം വിശ്വാസികൾ ബുദ്ധിമുട്ടുന്നു എന്നു കണ്ടതിനാൽ പരിശുദ്ധപിതാവു പത്താം പീയൂസുമാർപ്പാപ്പാ തിരുമനസ്സുകൊണ്ടു

ആവിധ സംശയങ്ങളെല്ലാം തീർത്തുതരുവാൻ തിരുവുള്ളമുണ്ടായി. വരപ്രസാദസ്ഥിതിയിൽ, നല്ല നിയോഗത്തോടുകൂടെ ഏതു അന്തസ്സുകാർക്കും അടുക്കലടുക്കലോ, പ്രതിദിവസമൊ ദിവ്യകാരുണ്യം സ്വീകരിപ്പാൻ യാതൊരു പ്രതിബന്ധവുമില്ലെന്നു അവിടന്നു നിശ്ചയിച്ചു. അതോടുകൂടെ പ്രതിദിന ദിവ്യകാരുണ്യ സ്വീകരണത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയും, തൻമൂലം വിശ്വാസികൾക്കു സിദ്ധിച്ചുവരുന്ന ആത്മീയ നന്മകളും ആശ്ചര്യജനകമാണ്. അവിശ്വാസം പ്രബലപ്പെട്ടുവരുന്ന ഇക്കാലത്തു ഈ സിദ്ധൌഷധം എത്ര ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നു ഏവർക്കും ബോധപ്പെട്ടുവരുന്നു. ആശാപാശങ്ങളെ അമർത്തി, പരീക്ഷകളെ ജയിച്ച്, ഹൃദയസമാധാനത്തെ പ്രാപിക്കുന്നതിനും, സാക്ഷാൽ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും പ്രതിദിന ദിവ്യകാരുണ്യസ്വീകരണം ഒരു കൈകണ്ട ഔഷധമാണെന്നു അനുഭവം സാക്ഷീകരിക്കുന്നു. ആകയാൽ ഈ സുകൃതാഭ്യാസം മേല്ക്കുമേൽ അഭിവൃദ്ധിപ്പെട്ടുവരുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

ഡിസംബർ– "വലിയ നഗരങ്ങളിലെ യുവജനങ്ങൾ."

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## 1. വി. യോഹന്നാൻ ബർക്കുമാൻസ്.

### 11. വിശുദ്ധന്റെ ഭാഗ്യമരണം.

വൈദികാദ്ധ്യയനങ്ങൾക്കായി നമ്മുടെ വിശുദ്ധൻ റോമയിലെത്തിയിട്ടു മൂന്നുകൊല്ലം കഴിഞ്ഞിരിക്കുന്നു. അലങ്കാരശാസ്ത്രവും തത്വശാസ്ത്രവും സംബന്ധിച്ച പഠനങ്ങളെല്ലാം കഴിഞ്ഞിട്ടു ഏതാനും കൊല്ലം മുമ്പു വി. ലൂയീസു ഗോൺസാഗാ പഠിച്ച ആ കോളജിൽ തന്നെയാണു ബർക്കുമാൻസും പഠിച്ചിരുന്നതു്. ലൂയീസു പുണ്യവാന്റെ ചരിത്രം വായിക്കുന്നതിനു പകരം യോഹന്നാൻ ബർക്കുമാൻസിനെ കണ്ടാൽ മതിയാകുമെന്നു പലരും പറഞ്ഞുവന്നിരുന്നു. അത്ര സുകൃതകീർത്തിയോടെയാണു വിശുദ്ധൻ വിദ്യാർത്ഥിജീവിതം കഴിച്ചുവന്നതെന്നു ചുരുക്കിപറയാനെ നിവൃത്തിയുള്ളു. 1621 ജൂലൈമാസാവസാനത്തിൽ കോളജിലെ ശമ്മാശന്മാർക്കു അടുത്ത മാസത്തേക്കുള്ള മദ്ധ്യസ്ഥനെനിശ്ചയിക്കയും, ഓരോരുത്തൻ അഭ്യസിക്കേണ്ട പുണ്യം ചീട്ടിയിട്ടെടുക്കയുംചെയ്ത കൂട്ടത്തിൽ യോഹന്നാനു കിട്ടിയതു "ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്തുകൊണ്ടെന്നാൽ നേരം എപ്പോഴാണെന്നു നിങ്ങൾ അറിയുന്നില്ല" എന്നുള്ള വേദവാക്യമായിരുന്നു. മരണത്തിനുള്ള സമയം ആശയോടെ കാത്തുകൊണ്ടിരുന്ന നമ്മുടെ വിശുദ്ധൻ ഇതൊരു മുന്നറിവു തന്നെയെന്നു കരുതി സന്തോഷിച്ചു. തന്റെ ചില പ്രത്യേക സ്നേഹിതന്മാരോടെല്ലാം തനിക്കു മരണം അടുത്തിരിക്കുന്നുവെന്നുള്ള വിവരം രഹസ്യമായി പറയുകയുമുണ്ടായി.

ആഗസ്റ്റ് 5-ാംനു- വിശുദ്ധനു അല്പമായിട്ടു ഒരു വയറുകടി ആരംഭിച്ചു. പിറേറദിവസം ഗ്രീക്കുകോളജിൽ തത്വശാസ്ത്രം സംബന്ധിച്ച പരസ്യമായ ഒരു വാദപ്രതിവാദമുണ്ടായിരുന്നു. യോഹന്നാന്റെ സുഖക്കേടു വിവരം അറിയാതെ റെക്ടരച്ചൻ നമ്മുടെ പുണ്യവാനെതന്നെ അതിലേക്കു നിയോഗിച്ചയച്ചു. വാദപ്രതിവാദം ഏവരുടെയും അത്ഭുതത്തിനു വിഷയമാകത്തക്ക വിധത്തിൽ തന്നെ നടത്തി. തിരികെ നടന്നു സെമിനാരിയിൽ വന്നപ്പോഴേക്കും വല്ലാതെ ക്ഷീണിച്ചു. പിറേറദിവസം

പനിയും പിടിപെട്ടു കിടപ്പിലായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അന്ത്യം അടുത്തു പോയെന്നു തീൎച്ചപ്പെട്ടത്തിയോഹന്നാൽ സന്തോഷിച്ചു.

രോഗം ഒന്നിനൊന്നു വൎദ്ധിച്ചു. അന്ത്യകൂദാശകൾ കൈക്കൊണ്ടുകളയാമെന്നു രോഗശുശ്രൂഷകൻ അഭിപ്രായപ്പെട്ടപ്പോൾ വിശുദ്ധൻ സന്തോഷാധിക്യത്താൽ അദ്ദേഹത്തെ ആശ്ലേഷിച്ചു ഉപകാരസ്മരണചെയ്തു. ഒടുക്കത്തെ ഒപ്രുശ്മാ കൊടുക്കയിൽ മുറിയിൽ തിങ്ങിക്കൂടിയിരുന്ന യാതൊരാൾക്കും ദുഃഖാധിക്യത്താൽ ഒരക്ഷരംപോലും മിണ്ടാൻകഴിയാഞ്ഞതിനാൽ, വിശുദ്ധൻ തന്നെയാണു ആ സമയത്തെ പ്രാൎത്ഥനകൾക്കു ഉത്തരിച്ചതു്. അനന്തരം പുണ്യവാൻ നെഞ്ചത്തു കൈകൾചേൎത്തു സമാധാനത്തോടും സന്തോഷത്തോടുംകൂടെ ആകാശത്തിലേക്കു കണ്ണുകൾ ഉയൎത്തിക്കിടന്നിരുന്നു. പിന്നീടു കൂടിയിരുന്ന എല്ലാവരോടും ഒരു ക്ഷമായാചനം നടത്തി. അതിന്റെശേഷം താൻ സന്യാസത്തിൽ പ്രവേശിച്ചതിൽപ്പിന്നെ മനസ്സറിഞ്ഞുകൊണ്ടു ഒരു അല്പപാപംപോലും ചെയ്തതായി ഓൎക്കുന്നില്ലെന്നും, യാതൊരു സഭാനിയമമാകട്ടെ ശ്രേഷ്ഠന്മാരുടെ കല്പനയാകട്ടെ മനഃപൂൎവ്വം ലംഘിക്കാനിടയായിട്ടില്ലെന്നും, ശേഷംപേരുടെ ഗുണത്തിനു ഉപകരിക്കുമെങ്കിൽ ഇതു പ്രസിദ്ധപ്പെടുത്തുന്നതിൽ തനിക്കുവിരോധമില്ലെന്നും റെക്ടരച്ചനോടു രഹസ്യമായി അറിയിച്ചു. പിന്നീടു അവിടെ സന്നിഹിതരായിരുന്ന എല്ലാവരേയും പിടിച്ചു തഴുകുകയും, എല്ലാവൎക്കും ഉപകാരസ്മരണചെയ്കയും സ്വൎഗ്ഗത്തിൽചെന്നു എല്ലാവൎക്കുംവേണ്ടി പ്രത്യേകം പ്രാൎത്ഥിക്കാമെന്നു വാഗ്ദാനം ചെയ്കയുംചെയ്തു.


ഒന്നു രണ്ടുദിവസംകൂടെ ഈ കിടപ്പിൽ തന്നെ നീണ്ടുകിടന്നു. അതിനിടക്കു ചില വലിയ പരീക്ഷകളും സംഭ്രമങ്ങളും ഉണ്ടാകാതിരുന്നില്ല. ദൈവജനനിയുടെ പ്രത്യേക സഹായത്താൽ അതെല്ലാം ജയിച്ചു വീണ്ടും സമാധാനം പ്രാപിച്ചു. Ave Maris Stella എന്ന കീൎത്തനം മരണക്കിടക്കയിൽ കിടന്നു പാടി മാതാവിനെ സ്തുതിച്ചു. പിന്നെ ഒരു തൂങ്ങപ്പെട്ട രൂപവും, ജപമാലയും, സഭാനിയമപുസ്തകവും ഒന്നിച്ചുചേൎത്തു കയ്യിൽ പിടിച്ചുകൊണ്ടും ഈശോ മറിയം യൌസേപ്പേ എന്ന തിരുനാമങ്ങളെ അന്ത്യനേരംവരെ ഉച്ചരിച്ചുകൊണ്ടും 1621 ആഗസ്റ്റ് 13-ാംനു- വെള്ളിയാഴ്ച, നമ്മുടെ പുണ്യവാൻ അന്ത്യശ്വാസം വിടുകയും ചെയ്തു.

പ്രിയ കുഞ്ഞുങ്ങളെ എത്രഭാഗ്യപ്പെട്ട മരണം. നമ്മുടെ മരണനേരത്തു ഈ വിധസഹായങ്ങളെല്ലാം ഉണ്ടാകുന്നതിനു നമ്മുടെ വിശുദ്ധ മദ്ധ്യസ്ഥനോടു ഇത്തവണ പ്രത്യേകം അപേക്ഷിക്കണം.

## II. ഈമാസത്തെ മദ്ധ്യസ്ഥൻ വി. സ്തനിസ്ലാവോസ്.

(തിരുനാൾ നവംബർ 13-ാം ബുധനാഴ്ച.)

പോളണ്ടിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ച ഈ വിശുദ്ധബാലൻ ദൈവജനനിയുടെ ഒരു വാത്സല്യഭക്തനായിരുന്നു. പരിശുദ്ധ അമ്മയുടെ അത്ഭുതസഹായത്താൽ മരണകരമായ ഒരു രോഗത്തിൽനിന്നു രക്ഷപെട്ടശേഷം ഈ മാതാവിന്റെ ആജ്ഞയനുസരിച്ചു ഈശോസഭയിൽചേൎന്നു. പത്തുമാസംമാത്രമേ സന്യാസത്തിൽ ജീവിപ്പാനിടയായുള്ളു. അനന്തരം അസാമാന്യസുകൃതശോഭയാൽ അലംകൃതനായി, വിശുദ്ധൻ നേരത്തേ പ്രാൎത്ഥിച്ചിരുന്നപ്രകാരം മാതാവിന്റെ സ്വൎഗ്ഗാരോഹണത്തിരുനാളിൽ പതിനേഴാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. പാപത്തിന്റെ പേരു കേട്ടാൽ പുണ്യബാലനു ബോധക്ഷയം വരിക പതിവായിരുന്നു. വി. സ്തനിസ്ലാവോസേ! പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിപ്പാൻ ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ.




പള്ളുരുത്തി് കേ. സി. സി. ഏ. ബാലസംഘം.

## III. കെ. സി. സി. ഏ. ഡയറി.

ഒരു വായനാശാലക്കമ്മററി ഏപ്പെടുത്തിയിരുന്നതായി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവരുടെ ശ്രമഫലമായി ഏപ്പെടുത്തിയ വായനശാലയും ക്രമേണ അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ട്. ലൈബ്രേറിയനായി നിശ്ചയിച്ചിരിക്കുന്ന ആൾ എപ്പോഴും വായനശാലയിലുണ്ടായിരിക്കുന്നതാണ്. രക്ഷാധികാരിയാൽ അംഗീകരിക്കപ്പെട്ട പുസ്തകങ്ങൾ പത്രങ്ങൾ മാസികകൾ മുതലായവ ശേഖരിച്ചു വായനക്കു കൊടുത്തുവരുന്നു. സാധാരണ ജനങ്ങൾക്കു വായനയിൽ അഭിരുചി വരുത്തുന്നതിലേക്കു യുവജനങ്ങൾ ചെയ്യുന്ന ശ്രമങ്ങൾ കാലക്രമത്തിൽ ഫലവത്തായിത്തീരുമെന്നു പ്രതീക്ഷിക്കുന്നു.

* * *

രാജത്വത്തിരുനാൾ പ്രമാണിച്ചു വെറി. റവ. ഫാദർ അലക്‌സാണ്ടർ സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കെ. സി. വൈ. ഏ.യുടെ ഒരു വിശേഷാൽയോഗം കേമമായി നടന്നതിൽ മെസ്സേഴ്സ് കെ സി. വക്കി ബി. ഏ. എൽ. ററി, എൽ. സി. ഐസക്ക് ബി. ഏ. എന്നിവർ പ്രസംഗിക്കയുണ്ടായി. രാജത്വകീർത്തനങ്ങളും മററും യോഗത്തെ മംഗളമാക്കിത്തീർത്തു. മ്ശിഹായുടെ രാജ്യം പ്രചരിപ്പിക്കുന്നതിലേക്കു കെ. സി. വൈ. ഏ. മധുവർജ്ജനസംഘക്കാർ ഇതേവരെ ചെയ്തിട്ടുള്ള ശ്രമങ്ങളെപ്പററി വിവരമായ ഒരു റിപ്പോർട്ടും തദവസരത്തിൽ സഭയിൽ വായിക്കയുണ്ടായി. "ഈശോയുടെ തിരുഹൃദയമേ! നിൻെറ രാജ്യംവരണമെ" എന്നുള്ള സുകൃതജപം മധുവർജ്ജനവിജയത്തിനായി എല്ലാ കുടുംബങ്ങളിലും ചൊല്ലിവരുന്നുണ്ടെന്നുള്ളതും പ്രസ്താവ്യം തന്നെ.

* * *

കുടുംബപ്രതിഷ്ഠക്കമ്മിററിക്കാരുടെ ജോലിയും തുടൎന്നുവരുന്നുണ്ട്. സാധുകുടുംബങ്ങളുടെ കാൎയ്യത്തിലേക്കാണ് അവരുടെശ്രദ്ധ പ്രത്യേകിച്ചു പതിച്ചിട്ടുള്ളത്. എല്ലാ ഞായറാഴ്ചയും മൂന്നും നാലുംവീതം

കുടുംബങ്ങൾ മ്ശിഹാരാജനു പ്രതിഷ്ഠിച്ചുവരുന്നു.

* * *

വ്യാകുലമാതാവിൻെറ സുകൃതജപം ചൊല്ലുന്നവരായി ചുരുക്കം ആളുകളുടെ പേരുകൾ മാത്രമെ വന്നെത്തിയിട്ടുള്ളു. ചിട്ടിയിട്ടതിൽ കളത്തൂർ കിഴക്കേവെട്ടുകാട്ടിൽ തോമ്മാ, തലച്ചിറക്കുഴി പൈലി കുറവലങ്ങാട്ട, പാലത്തുങ്കൽ ലോനൻ മേറി കൊച്ചി, കരീത്തറ ജോസഫ് ക്ലാര കുമ്പളം, എന്നിവക്കു സമ്മാനം ലഭിച്ചിരിക്കുന്നു. മത്സരക്കാൎയ്യം അറിഞ്ഞിട്ടില്ലാത്ത സഭാംഗങ്ങളേയും വിവരം അറിയിച്ചു ഉത്സാഹിപ്പിക്കണം.

* * *

"മരിച്ചവിശ്വാസികളുടെ ആത്മാവുകൾക്കു തമ്പുരാൻെറ മനോഗുണത്താൽ മോക്ഷത്തിൽ അനുക്രഹമുണ്ടായിരിക്കട്ടെ, നിത്യപിതാവേ! ഈശോമ്ശിഹാ കർത്താവിൻെറ വിലമതിയാത്ത തിരുച്ചോരയേക്കുറിച്ച് അവരുടെമേൽ കൃപയായിരിക്കണമേ" എന്നുള്ള ജപം ദിവസേന ചൊല്ലിക്കൊണ്ടുവരുന്നവരാണ് ഈ മാസത്തേയ്ക്കു പേരയക്കേണ്ടതു്. കഴിഞ്ഞ മാസത്തേ മത്സരം, കഴിഞ്ഞ കുസുമത്തിൽ നോക്കുക. കുസുമം കുഞ്ഞുമക്കളെല്ലാവരും തുടർച്ചയായി വായിച്ചുകൊണ്ടിരിക്കണം. അല്ലാതെ ഈ വിവരങ്ങളൊന്നും അറിവാൻ സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ.

* * *

ഡിസംബർ മാസത്തേക്കു ഉണ്ണീശോക്കുള്ള മുടിയുടെ കാൎയ്യം ഇപ്പോഴേ ഓൎപ്പിച്ചിരിക്കുന്നു. നവംബർ 30-ാംനു- മുതൽ തന്നെ നാല്പതു നന്മനിറഞ്ഞ മറിയം ആരംഭിക്കണം.

എന്നു നിങ്ങളുടെ സ്വന്തം

കൊച്ചച്ചൻ.

---

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. സംഗീതമഞ്ജരി.

കത്തോലിക്കഡിപ്പോ എറണാകുളം.
വില രണ്ടണ.

പേരുകേട്ട കത്തോലിക്ക സംഗീതകൃത്തായ വി. എസ്. ആൻഡ്റൂ അവർകളുടെ വക ഭക്തിവിഷയകമായ ഒരു പുതിയ പ്രസിദ്ധീകരണമാണിതു്. ഭക്തി, ക്രിസ്തുനാഥപ്രശസ്തി, ക്രിസ്തുരാജജയം മുതലായി നവീനരാഗങ്ങളിലുള്ള നാല്പതോളം മനോഹര കീൎത്തനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളിൽ സാധാരണ ചൊല്ലിവരാറുള്ള മിക്ക പ്രാൎത്ഥനകളും മി. ആൻഡ്റൂ ഇതിൽ സംഗീതരൂപത്തിൽ വിവൎത്തനം ചെയ്തിട്ടുണ്ട്. ആകപ്പാടെ നമ്മുടെ ഗായക കവിയുടെ ശ്രമത്താൽ കത്തോലിക്കരുടെ ഇടയിൽ സംഗീതവിഷയത്തിൽ അഭൂതപൂൎവ്വമായ ഒരുണർച്ചയുണ്ടായിക്കാണുന്നതു സന്തോഷാവഹംതന്നെ.

### 2. സത്യമാൎഗ്ഗദൎശി.

കൊൺവേർഷ്യൻലീഗ്, വരാപ്പുഴ.
വില ഒരണ.

പുത്തൻപള്ളി സെമ്മിനാരിയിലെ കൊൺവേർഷ്യൻലീഗുവക തൊണ്ണൂററിമൂന്നാമത്തെ ലഘുലേഖകയാണതു്. പ്രയോജനകരങ്ങളായ എത്രസഹസ്രം ചെറുപുസ്തകങ്ങൾ ഈ വഴിയ്ക്കു ഇതിനിടയിൽ കേരളമൊട്ടുക്കു പ്രചരിച്ചിട്ടുണ്ടായിരിക്കണം എന്നുള്ള സ്മരണ ഏതൊരു കത്തോലിക്ക മതാഭിമാനിയെയാണ് കുതുഹലചിത്തനാക്കിത്തീക്കാതിരിക്കുക. കത്താവിൻെറ ദാക്ഷോദ്യാനത്തിൽ ഭാവിയിൽ നിസ്തന്ദ്രമായി പരിശ്രമിക്കാനുള്ള നമ്മുടെ യുവവൈദികക്കു സെമ്മിനാരിയിൽവച്ചുതന്നെ ഈദൃശമായ അഭ്യസനങ്ങൾ സിദ്ധിക്കുന്നതുകൊണ്ടുള്ള പ്രയോജനവും ചില്ലറയല്ല. സത്യമാർഗ്ഗദർശിപോലുള്ള പലേ മാൎഗ്ഗദൎശികൾ നിരന്തരമായി അവിടെനിന്നു നിൎമ്മിച്ചുകാണ്മാൻപ്രാൎത്ഥിച്ചുകൊള്ളുന്നു.

# വർത്തമാന സംഗ്രഹം.

ആദിമശതകങ്ങളിലെ വേദഞെരുക്കകാലത്തു ക്രിസ്ത്യാനികൾ അഭയം പ്രാപിച്ചു ആരാധനക്രമങ്ങൾ നടത്തിയിരുന്ന ഭൂഗർഭാലയങ്ങൾ ഇററാല്യൻ ഗവർമ്മെൻറു പരിശുദ്ധ സിംഹാസനത്തിങ്കലേക്കു വിട്ടുകൊടുത്തിരിക്കുന്നു. അവയെ കേടുപോക്കി എടുക്കുന്നതിനും അവിടെ വീണ്ടും ദിവ്യപൂജ നടത്തുന്നതിനും വത്തിക്കാൻ ഗവർമ്മെൻറു ഏർപ്പാടു ചെയ്തുവരുന്നു.

ഇററലിയിലെ കത്തോലിക്ക ബാലികാസംഘത്തിലെ പതിനായിരംഅംഗങ്ങൾ ഈയിടെ പരിശുദ്ധ പിതാവിനെ സന്ദർശിച്ച അവസരത്തിൽ പതിനായിരം ചെറുകുട്ടകളിലായി ഓരോ ദാനങ്ങൾ അവർ മാർപ്പാപ്പാതിരുമനസ്സിലേക്കു സമർപ്പിച്ചിരിക്കുന്നു. ഫലമൂലാദികൾ തുടങ്ങി ഇററലിയിലെ വിവിധപ്രദേശങ്ങളിലുള്ള ഓരോ വിളവുകളായിരുന്നു ദാനങ്ങളിൽ അധിക പങ്കം.

പരിശുദ്ധ സിംഹാസനത്തിലെ ഔദ്യോഗിക പത്രമായ "ഒസ്സർവത്തോരെ റൊമാനോ" എന്ന പ്രതിദിനപ്പത്രം ഒക്ടോബർ 14-ാം തീയതി മുതൽ വത്തിക്കാൻ നഗരത്തിൽ നിന്നു പുറപ്പെട്ടു തുടങ്ങിയിരിക്കുന്നു. അകൃതിയിലും പ്രകൃതിയിലും ഒരു പുതിയ രീതിയിലാണു് പത്രം ഇപ്പോൾ ഇറങ്ങിയിരിക്കുന്നതു്.

ഇരുപത്തഞ്ചുകൊല്ലമായി നല്ലനിലയിൽ നടന്നുവന്നിരുന്ന "കൊറിയരെ ദിത്താലിയാ" എന്ന റോമായിലെ ഒരു കത്തോലിക്കാപത്രം കഴിഞ്ഞമാസംമുതൽ നിറുത്തലാക്കിയിരിക്കുന്നു. ഗവർമ്മെൻറിൻെറ വിരോധം നിമിത്തമാണെന്നു ശ്രുതിയുണ്ടായിരുന്നെങ്കിലും അതൊന്നുമല്ല കാരണമെന്നും ധനസംബന്ധമായ ബുദ്ധിമുട്ടുകൾ കൊണ്ടാണെന്നും ഒടുവിലത്തെ ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. 'ഉനീത്താ കത്തോലിക്കാ' എന്ന ഫ്ളോറൻസിലെ പ്രതിദിനപത്രം പ്രതിവാരികയായി തീർന്നിരിക്കുന്നു.

എജിപ്തിലെ ഫുവാദ് രാജാവു് സൂവേസ് കനാലിലെ പുതിയ വികാരിയാത്തിലേക്കു പതിനാറായിരംപവൻ വിലയുള്ള ഒരു വസ്തു നൽകിയിരിക്കുന്നു. 'ഭൂലോകരാജ്ഞി' എന്നനാമത്തിൽ പരിശുദ്ധ ദൈവജനനിയ്ക്കായി അവിടെ ഒരു കത്തീഡ്രൽ പണിയിക്കുന്നതാണു്. പുതിയ വികാരിയാത്തിൽ ഏകദേശം പതിനായിരം കത്തോലിക്കരാണുള്ളതു്. ഒരു ഫ്രാൻസീസ്കൻ സഭക്കാരനായ ആഞ്ചെലോമറിയാ എന്നദേഹമാണു് വികാരിഅപ്പസ്തോലിക്കാ ആയി നിയമിക്കപ്പെട്ടിരിക്കുന്നതു്.

അമ്മേരിക്കയിലെ ഐക്യരാജ്യങ്ങളിൽ രണ്ടുലക്ഷത്തോളം പ്രോട്ടസ്റ്റൻറു പള്ളികളുള്ളവയിൽ ഏകദേശം അറുപതിനായിരത്തോളം മിക്കവാറും പൂട്ടപ്പെട്ടുകിടക്കയാണെന്നു ഫ്രെഡറിക്ക് കോളിൻസ് എന്നദേഹം 'വിമൻസ് ഹോം കൊമ്പാനിയൻ'' എന്നപത്രത്തിൽ എഴുതിയിരിക്കുന്നു.

പാരീസിലെ കാർഡിനൽ മെത്രാപ്പോലീത്തായായിരുന്ന മൊൺ. ഡുബോയി തിരുമനസ്സുകൊണ്ടു കഴിഞ്ഞ മാസത്തിൽ നിര്യാതനായിരിക്കുന്നു. ഈയ്യാണ്ടുമരിച്ചിട്ടുള്ള ഏഴാമത്തെ കർദ്ദിനാളാണു് ഇദ്ദേഹം. ഇപ്പോൾ ആകെ അമ്പത്തേഴ കർദ്ദിനാളന്മാരാണു് ഇനി ശേഷിച്ചിരിക്കുന്നതു്.

നാഡിർഖാൻ അഫ്ഗാനിസ്ഥാനിലെ അമീറായി പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കൊല്ലം അഫ്ഗാനിസ്ഥാനിലേ നാലാമത്തേ രാജാവാണിദ്ദേഹം.

സ്ഥാനമൊഴിഞ്ഞു ഇററലിയിൽ താമസിക്കുന്ന അമാനുള്ളായും ഭാർയ്യയും കത്തോലിക്കാസഭയിൽ ചേരാൻ പോകുന്നുവെന്നുള്ള ശ്രുതി വാസ്തവമല്ലെന്നു കേൾക്കുന്നു.

ഇംഗ്ലണ്ടിലേക്കു പോയിരുന്ന ഇൻഡ്യാവൈസറോയി ഏർവിൻപ്രഭു തിരിച്ചെത്തിയിരിക്കുന്നു. നവംമ്പർ 15-ാം തീയതി അദ്ദേഹം ദക്ഷിണേന്ത്യാപർയ്യടനത്തിനു പുറപ്പെടുന്നതും 30-ാംനു-കൊച്ചിയിലും, ഡിസംബർ 2-ാം നു-തിരുവിതാംകൂറിലും എത്തുന്നതുമാണു്-രണ്ടുരാജ്യങ്ങളിലും തൽസംബന്ധമായ ഒരുക്കങ്ങൾഊർജ്ജിതമായിനടന്നുവരുന്നു.

ആലുവാ ഹൈസ്കൂൾ മാനേജരും ചുണങ്ങംവേലി സാധുവൃദ്ധമന്ദിരത്തി

ന്റെ സ്ഥാപകനുമായിരുന്ന പഴയപള്ളി ൽ പെ. ബ. ഗീവറുഗീസച്ചൻ അവർകൾ കഴിഞ്ഞമാസത്തിൽ ടൈഫോയിഡ് രോഗത്താൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ വിയോഗം എറണാകുളം അതിരൂപതയ്ക്കു അപരിഹാര്യമായ ഒരു നഷ്ടംതന്നെ.-

ഐ. സി. ദാനിയേൽകേസു തുലാം 7-ാംനു- വിചാരണയ്ക്കെടുത്തതിൽ മി. ദാനിയേലിന്റെ ചീഫ് വിസ്താരം നടത്തുകയുണ്ടായി. വൃശ്ചികം ഒന്നാംതീയതിയ്ക്കാണ് ഇനി അവധിയ്ക്കു വച്ചിരിക്കുന്നതു്.

## മനോഗുണവിവരങ്ങൾ.

☞ ക്രമമായി ഈ വിധവിവരങ്ങൾപ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടെയും വി. ഫിലോമേനാ പുണ്യവതിയുടെയും സഹായത്താൽ എന്റെ സുഖക്കേടു നീങ്ങിയതിനു ഉപകാരസ്മരണ.

എൻ. ജെ. പൌലോസ്.

വ്യാകുലമാതാവിന്റെ സഹായത്താൽ പരീക്ഷയിൽ വിജയിയായതിനു ഉപകാരസ്മരണ.

ചാക്കോ മുള്ളൻകുഴി, ചങ്ങനാശേരി.

വി. കൊച്ചുത്രേസ്യായുടെയും കുഞ്ചാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചന്റെയും സഹായത്താൽ എന്റെ കുട്ടിയുടെ അപകടസ്ഥിതിയിലിരുന്ന കണ്ണു സുഖപ്പെട്ടതിന്

തുരുത്തുമാലിൽ ചാക്കോ ആലപ്പുഴ.

ഒളിച്ചുപോയ എന്റെ മകനെ മാന്നാനത്തു വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ കണ്ടെത്തിയതിനു. ജോസഫ് വടകര.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ സുഖക്കേടു നീങ്ങിയതിനു ഉപകാരസ്മരണ.

തെരേസാ ജോൺ പുതുമല എസ്റ്റേററു്.

വി. യൌസേപ്പു പിതാവിന്റെയും തോമ്മാശ്ലീഹായുടെയും മദ്ധ്യസ്ഥതയാൽ അപേക്ഷിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എ. അഗസ്റ്റിൻ ഫർനാണ്ടസ്.

തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു

എ. അഗസ്റ്റിൻ ഫർനാണ്ടസ് കൊല്ലം പട്ടത്താനം.

വി. കൊച്ചുത്രേസ്യായുടെയും വി. റീത്താ പുണ്യവതിയുടെയും സഹായത്താൽ ലഭിച്ച മനോഗുണങ്ങൾക്കു ഉപകാരസ്മരണ.

സി. മുത്തോലി.

മാർ അന്തോനീസിന്റെ മദ്ധ്യസ്ഥതയിൽ സിദ്ധിച്ച സഹായങ്ങൾക്കു ഉപകാരസ്മരണ. എഫ്. എസ്. മാന്നാനം.

മാർയൌസേപ്പു പിതാവിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഒരുപ്രത്യേകജോലികിട്ടിയതിനുംനന്ദിപറയുന്നു. ഇതിൽ സ്ഥിരമായി നില്ക്കുന്നതിനും കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം. കെ. ജെ. ജെ.

വി. ജൊവാൻ ഓഫ്ആർക്കിന്റെ സഹായത്താൽ ആഗ്രഹിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണ. എൽ. സി. മാന്നാനം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

അത്തുങ്കൽ ഇടവക ചാരങ്കാട്ട എസ്. തോമ്മസ് അവർകൾ കഴിഞ്ഞമാസം 28-ാംനു- 54 വയസ്സ്.

പാലാ തിരുഹൃദയമഠത്തിൽ ബ. സ. കൊച്ചുത്രേസ്യാ സെപ്റ്റംബർ 30-ാംനു- 33വയസ്സ്.

ചേപ്പുങ്ങാടിയിൽ മാടക്കായി ലോനക്കുട്ടി അവർകൾ ഒക്ടോബർ 21-ാംനു- 48 വയസ്സ്.

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam. 1929.